# കൂരിരുൾ നീങ്ങും പ്രഭാതമാകും

ഈയിടെ ദൽഹിയിൽ നടന്ന സംഘപരിവാറിന്റെ മൂന്നുദിവസത്തെ സമന്വയ ബൈഠകിനോളം മാധ്യമചർച്ചയ്ക്കു വിധേയമായ പരിപാടി അടുത്തകാലത്തെങ്ങും നടന്നതായി തോന്നുന്നില്ല. സംഘത്തിൽ മണ്ഡലതലം മുതൽ അഖിലഭാരതീയതലംവരെ എല്ലാവർഷവും നടക്കുന്ന പരിപാടിയാണത്. ഓരോ പ്രസ്ഥാനത്തിലും നിന്ന് അതതു തലത്തിൽ ആരാണ് പങ്കെടുക്കേണ്ടതെന്ന് മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിട്ടുണ്ടാവും. സ്വാഭാവികമായും സംഘവുമായി ബന്ധപ്പെട്ടവർ പ്രവർത്തിക്കുന്ന രംഗങ്ങളിൽ നടക്കുന്ന കാര്യങ്ങൾ പരസ്പരം അറിയിക്കുക, പ്രവർത്തനങ്ങൾക്കിടയിൽ വരാവുന്ന പ്രശ്നങ്ങൾക്ക് സമന്വയത്തിലൂടെ പരിഹാരമുണ്ടാക്കുക തുടങ്ങിയ അനേകം കാര്യങ്ങൾ അവിടെ നടക്കാറുണ്ട്. ഇത്തവണ പ്രധാനമന്ത്രി നരേന്ദ്രമോദി അതിലെ ഒരു സത്രത്തിൽ സംബന്ധിച്ച് സംസാരിച്ചത് വലിയ വാർത്തയായി. കേന്ദ്രസർക്കാരിനെതിരെ എന്തെല്ലാം വിഷലിപ്തമായ വാർത്തകൾ പടച്ചുവിടാമെന്നു നോയമ്പ് നോറ്റിരിക്കുന്ന പത്രമുതലാളിമാർക്ക് നല്ല അവസരം ലഭിച്ചു. തങ്ങളുടെ സമൃദ്ധമായ ഭാവനാശക്തി മുഴുവൻ ഉപയോഗിച്ചുകൊണ്ട് അവർ എഴുതിയും പറഞ്ഞും സംതൃപ്തിയടഞ്ഞു.

'ദ ഹിന്ദു' വിനെപ്പോലുള്ള പത്രങ്ങളാകട്ടെ, പ്രധാനമന്ത്രിയും മറ്റും അധികാരമേൽക്കുന്ന സമയത്ത് ചെയ്ത സത്യപ്രതിജ്ഞയുടെ ലംഘനമാണ് സമന്വയ ബൈഠകിൽ ചെയ്ത പ്രസ്താവനയെന്ന ആശങ്കയും ഉയർത്തി. അവിടെ അദ്ദേഹം സംസാരിച്ച കാര്യങ്ങൾ പുറത്തുവിടാത്തതിനെയും അവർ വിമർശിച്ചു. പ്രതിജ്ഞാലംഘനം എന്താണെന്നും ഒരവസരത്തിൽ എന്തു പറയണമെന്നും എന്തുപറയരുതെന്നും നന്നായി അറിയാവുന്നവർ തന്നെയാണ് ഭാഗ്യവശാൽ ജീവിതം രാഷ്ട്രത്തിനായി ചെറുപ്പത്തിൽത്തന്നെ സമർപ്പിച്ചുകൊണ്ട് പ്രവർത്തിച്ചുവരുന്ന നരേന്ദ്രമോദിയെപ്പോലുള്ള നൂറുകണക്കിനു പ്രവർത്തകർ.

പാക്കിസ്ഥാനോട് കർക്കശമായ നയം സ്വീകരിക്കണമെന്നും സംഭാഷണത്തിനു പുറപ്പെടരുതെന്നും സംഘനേതൃത്വം ശക്തമായി സർക്കാരിനോടു നിർദ്ദേശിച്ചുവത്രേ. സർക്കാരിനെ നേരിട്ടു ആർഎസ്എസിന്റെ നിയന്ത്രണത്തിൽകൊണ്ടുവരികയായിരുന്നു സമന്വയ ബൈഠകിന്റെ ഉദ്ദേശമെന്നും ചിലർ ആരോപിച്ചു. സംഘത്തെ സംബന്ധിച്ചിടത്തോളം സർക്കാർ അഥവാ ഭരണകൂടം രാഷ്ട്രജീവിതത്തിന്റെ അസംഖ്യം കർത്തവ്യമേഖലകളിൽ ഒന്നുമാത്രമാകുന്നു. നൂറ്റാണ്ടുകൾ നീണ്ട വിദേശീയ ഭരണത്തിന്റെയും വൈദേശികാശയങ്ങളുടെയും സമ്മർദ്ദങ്ങൾ മൂലം രാഷ്ട്രജീവിതത്തിന്റെ സമസ്തമേഖലകളും ജീർണാവസ്ഥയിലെത്തിയ കാലഘട്ടത്തിലാണ് 1925 ൽ ഡോ.കേശവബലിറാം ഹെഡ്ഗേവാർ സംഘത്തിനു തുടക്കമിട്ടത്. ആ സേതു ഹിമാചലം വ്യാപിച്ചുകിടക്കുന്ന ഭാരതജനതയുടെ ബഹുമുഖമായ ജീവിതമേഖലകളിലാകമാനം, ആന്തരീക ചൈതന്യത്തെ നിറച്ച് ഉജ്ജ്വലമായ പരമവൈഭവ സമ്പന്നമായ ഭാവികാലം കൈവരിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നം. അതിന് പ്രാപ്തരായ ഉത്തമവ്യക്തികളെ സൃഷ്ടിക്കുവാനുള്ള പ്രായോഗിക കാര്യ പദ്ധതി അദ്ദേഹം ആവിഷ്കരിച്ചു. സകലവിധ പ്രലോഭനങ്ങളെയും നിരസിച്ചുകൊണ്ട് ഏകാഗ്രചിത്തരായ പ്രവർത്തകരെ സൃഷ്ടിച്ചുകൊണ്ടുള്ള ആ നീക്കം പതിറ്റാണ്ടുകൾ പിന്നിട്ടപ്പോൾ ഉദ്ദേശിച്ചഫലം കണ്ടുതുടങ്ങി. സമസ്തജീവിതമേഖലകളിലും നവചൈതന്യം പ്രസരിപ്പിക്കുന്നതിനുപ്രാപ്തിയുള്ള നിരവധി പ്രസ്ഥാനങ്ങൾ അങ്ങനെയാണുണ്ടായത്. അവയു


പി. നാരായണൻ
**സംഘപഥത്തിലൂടെ**

ടെ സമന്വയത്തിനുള്ള ബൈഠക്കായിരുന്നു ദൽഹിയിൽ നടന്നത്. അതിൽ ആരും അരിശംകൊള്ളേണ്ട കാര്യമില്ല.

ജനാധിപത്യവും മതേതരത്വവും കൂടുതൽ കൂടുതൽ ഭീഷണിയെ നേരിടുമെന്ന ആശങ്ക ചില കേന്ദ്രങ്ങളിൽ നിന്നുയർന്നു. ജനാധിപത്യത്തെയും മതേതരത്വത്തെയും തകർത്തവർ തന്നെയാണ് ആരോപകർ. ജനാധിപത്യം തകർത്തു അടിയന്തരാവസ്ഥ നടപ്പാക്കിയവർക്കത് പറയാൻ അവകാശമില്ല. അടിയന്തരാവസ്ഥയ്ക്കുശേഷം വന്ന ജനതാഭരണത്തിൽ വാർത്താവിതരണ പ്രക്ഷേപണ മന്ത്രി എൽ.കെ.അദ്വാനിയായിരുന്നല്ലൊ. പ്രധാനമന്ത്രിപദമേറ്റെടുത്ത ശേഷം മൊറാർജിദേശായി രാഷ്ട്രത്തോടായി ആകാശവാണിയിലൂടെ പ്രസംഗം നടത്തിയിരുന്നു. അതു കഴിഞ്ഞയുടൻ പ്രതിപക്ഷ നേതാവായിരുന്ന സി.എം.സ്റ്റീഫനെ പ്രസംഗിക്കാനായി അദ്വാനിജി ക്ഷണിക്കുകയുണ്ടായി. ഭാരതചരിത്രത്തിലെ ആദ്യ സംഭവമായിരുന്നു അത്. അദ്ദേഹം അന്തംവിട്ടു തന്റെ പ്രഭാഷണം നടത്തി. തെരഞ്ഞെടുപ്പു വേളയിൽ സർക്കാർ മാധ്യമങ്ങളിലൂടെ പ്രചാരണം നടത്താൻ അവസരമുണ്ടാക്കിയതും അദ്വാനിയായിരുന്നു. അതാണ് ജനാധിപത്യബോധം.

പാക്കിസ്ഥാനുമായി യുദ്ധം പ്രഖ്യാപിക്കുമെന്നും ഭാരതത്തിലെ മുസ്ലിങ്ങൾ അരക്ഷിതരാകുമെന്നും പ്രചരണം നടത്തിയവരും നിരാശരായി. വിഭജനകാലത്ത് പാക്കിസ്ഥാനിൽ പെട്ടുപോയ മലപ്പുറത്തും കോഴിക്കോട്ടുമുള്ള മുസ്ലിം കുടുംബങ്ങളിലെ അംഗങ്ങൾക്ക് നാട്ടിൽ വരാനുള്ള അവസരമുണ്ടാക്കിയത് വിദേശമന്ത്രിയായിരുന്ന വാജ്പേയി ആയിരുന്നു. അദ്ദേഹം കേരള പര്യടനം നടത്തിയപ്പോൾ കൊണ്ടോട്ടിയിലെയും മലപ്പുറത്തെയും പല മുസ്ലിങ്ങളും സന്തോഷാശ്രുക്കളോടെ സ്വീകരണം നൽകിയത് ഓർക്കുന്നു.

ഭാരതവിഭജനം അസ്വാഭാവികവും അനാവശ്യവുമാണെന്നായിരുന്നു എന്നും സംഘത്തിന്റെ നിലപാട്. അതുകൊണ്ടുതന്നെ ആഗസ്ത് പതിനഞ്ചിനെ അഖണ്ഡഭാരത ദിനമായി ആചരിച്ചിരുന്നു. പതിനായിരക്കണക്കിനാളുകളുടെ കൂട്ടക്കൊലയും രക്തച്ചൊരിച്ചിലും നടന്നുവെങ്കിലും ഇരുഭാഗത്തെയും ജനങ്ങൾ ഒരേ വർഗക്കാരാണെന്നും ഒരേ പാരമ്പര്യവും സംസ്കാരവുമാണവരുടെതെന്നുമാണ് സംഘത്തിന്റെ നിലപാട്. ജനതകളുടെ ഐക്യം സാധ്യമാകുന്ന കാലമുണ്ടാകുമെന്ന ശുഭാപ്തി വിശ്വാസവും കൈവിട്ടിട്ടില്ല.

വിഭജിച്ചുപോയ രാഷ്ട്രങ്ങൾ വീണ്ടും ഒന്നായിത്തീർന്ന അനുഭവം നമ്മുടെ ഓർമയിൽത്തന്നെ ഉണ്ടായി. 1990 കളിൽ കിഴക്കൻ-പടിഞ്ഞാറൻ ജർമൻ ജനങ്ങൾ തങ്ങൾക്കിടയിൽനിന്ന മതിൽ ഇടിച്ചുനിരത്തി ഒന്നായി എന്നുമാത്രമല്ല, പശ്ചിമേഷ്യയിൽ നിന്നും ആഫ്രിക്കയിൽനിന്നും പലായനം ചെയ്തെത്തുന്ന ലക്ഷക്കണക്കിന് അഭയാർത്ഥികളെ സ്വീകരിച്ച് സംരക്ഷിക്കാൻ കൂടി തയ്യാറായിരിക്കുന്നു.

ഭാരത വിഭജനം തെറ്റായിരുന്നുവെന്നും വീണ്ടും വിട്ടുപോയ രാജ്യങ്ങൾ ഒന്നിക്കണമെന്നും വിശ്വസിച്ചവരിൽ സോഷ്യലിസ്റ്റ് നേതാവും ഇന്നത്തെ ജനതാ സമാജവാദി നേതാക്കളുടെ രാഷ്ട്രീയ ആചാര്യനുമായിരുന്ന ഡോ.രാം മനോഹർ ലോഹ്യയും പെട്ടിരുന്നു. അദ്ദേഹത്തിന്റെ സുഹൃത്തും ഭാരതീയ ജനസംഘത്തിന്റെ താത്വികാചാര്യനുമായിരുന്ന ദീനദയാൽ ഉപാധ്യായയും അതേ അഭിപ്രായക്കാരനായിരുന്നു. 1964 ൽ കിഴക്കൻ പാക്കിസ്ഥാനിൽനിന്ന് (ഇന്നു ബംഗ്ലാദേശ്) രണ്ടുലക്ഷത്തിൽപ്പരം ഹിന്ദുക്കൾ കലാപത്തെ ഭയന്ന് ഭാരതത്തിൽ അഭയാർത്ഥികളായി എത്തിയസമയത്ത് അവരിരുവരും നടത്തിയ സംയുക്ത പ്രസ്താവനയിൽ ഹൃദയംഗമമായി, വിഭജനം അവസാനിക്കണമെന്നും ജനങ്ങൾ മതഭേദം മറന്ന് സാംസ്കാരികധാരയിൽ ഒന്നുചേരണമെന്നും അഭ്യർത്ഥിച്ചു.

''ഇന്ത്യൻ മുസ്ലിങ്ങളെ സംബന്ധിച്ചിടത്തോളം മറ്റെല്ലാവരെയും പോലെ അവരുടെ ജീവനും സ്വത്തും ഏതുപരിതസ്ഥിതിയിലും സംരക്ഷിക്കപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ ഒരു വീഴ്ചയും പൊറുക്കപ്പെടാവുന്നതല്ല. മതവ്യത്യാസമെന്യേ ഓരോ പൗരന്റെയും സ്വാതന്ത്ര്യവും സുരക്ഷയും ഉറപ്പുവരുത്തേണ്ടത് ഭാരതത്തിന്റെ പവിത്രധർമമാകുന്നു...

ഭാരതവിഭജനം അവസാനിക്കണമെന്നും ഇരുരാജ്യങ്ങളും ചേർന്നു ഒരു കോൺഫെഡറേഷനാകാൻ പറ്റിയ അന്തരീക്ഷമുണ്ടാക്കണമെന്നും, ദീനദയാൽജിയും ഡോ.ലോഹ്യയും ഒപ്പുവെച്ച പ്രസ്താവനയിൽ പറഞ്ഞു.

സമന്വയ ബൈഠകിനുശേഷം മാധ്യമപ്രവർത്തകരോടു സംസാരിക്കവേ, സഹസർകാര്യവാഹ് ദത്താത്രയ ഹൊസബാളേ ഈ സംയുക്ത പ്രസ്താവനയെ ഉദ്ധരിച്ചുകൊണ്ട് ഇന്നും സംഘത്തിന്റെ ഈ നിലപാടു തുടരുന്നതായി പറഞ്ഞുവെന്നു ഹിന്ദുപത്രം റിപ്പോർട്ടു ചെയ്തു. ആ സംയുക്ത പ്രസ്താവനയിലെ മർമപ്രധാനമായ ഭാഗങ്ങൾ പത്രം ഉദ്ധരിക്കുകയും ചെയ്തു. തങ്ങളുടെ സോഷ്യലിസ്റ്റ് മതേതര നിലപാടുകൾക്ക് സാക്ഷ്യപത്രവുമായി ലോഹ്യയെ ഉദ്ധരിക്കുന്ന സമാജവാദി, ജനതാ നേതാക്കൾക്ക് അദ്ദേഹത്തിന്റെ ഈ അഭിപ്രായം ഇപ്പോഴുമുണ്ടാവുമോ ആവോ?

ഈയിടെയായി ബംഗ്ലാദേശിലും പാക്കിസ്ഥാനിലും പാക്കധീന കാശ്മീരിലും നിന്നു പുറത്തുവരുന്ന ചില അഭിപ്രായങ്ങൾ ഒറ്റപ്പെട്ടവയാണെങ്കിൽ കൂടി ഈ മനോഭാവം പ്രകടനമാക്കുന്നവയാണ്. പാക്കധീന കാശ്മീരിലെ ജനങ്ങളിൽ ഇസ്ലാമാബാദിന്റെ നയങ്ങളോട് എതിർപ്പുള്ളതായും ജമ്മുകാശ്മീരിനോടും ഭാരതത്തോടും ചേർന്നുനിൽക്കണമെന്നുമുള്ള അഭിലാഷം വളരുന്നതായും കാണുന്നു. അവിടം ചീനക്ക് താവളമുണ്ടാക്കാൻ പാക്കിസ്ഥാൻ അവസരമുണ്ടാക്കിയതിലും അവർക്കെതിർപ്പാണ്.

പാക്കിസ്ഥാനിലെ ചരിത്രകാരന് അക്ബർ സെയിദി കറാച്ചിയിലെ ഡോൺ പത്രത്തിൽ 1965 ലെ ഭാരത പാക് യുദ്ധത്തെപ്പറ്റി എഴുതിയ വിശകലനത്തിലും ഇതേ മനോഭാവം വ്യക്തമാകുന്നു. യുദ്ധത്തിൽ പാക്കിസ്ഥാൻ അമ്പേ പരാജയമടഞ്ഞുവെന്നു അദ്ദേഹം വ്യക്തമാക്കുക മാത്രമല്ല ഭൂമിശാസ്ത്രപരമായി ഭാരത ഉപഭൂഖണ്ഡത്തിലെ രാജ്യങ്ങൾക്ക് മതവിശ്വാസത്തിനപ്പുറം പൊതുവായ ചരിത്രവും പാരമ്പര്യങ്ങളും വിശ്വാസപ്രമാണങ്ങളും സംസ്കാരവുമുണ്ടെന്ന് ഓർമിപ്പിക്കുക കൂടി ചെയ്യുന്നു. ഭാരതം, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, നേപ്പാൾ, ഭൂട്ടാൻ, ലങ്ക, മ്യാൻമർ എന്നീ രാജ്യങ്ങൾക്കുള്ള പൊതുവായ സാംസ്കാരികധാരയെ പ്രബലമാക്കുന്ന നടപടികൾ ഉണ്ടാവാമെന്നും ലേഖനത്തിൽ അഭിലഷിക്കുന്നു. കറാച്ചിയുടെയും പഞ്ചാബിന്റെയും സിന്ധിന്റെയും വളർച്ചയിൽ ഹിന്ദുക്കളും പാർസികളും സിക്കുകാരും വഹിച്ച പങ്കിനെ അദ്ദേഹം എടുത്തുപറയുന്നുണ്ട്. ബിജെപി സർക്കാരിന്റെ പാക് നയത്തിന്റെ അന്തർധാരയായി കിടക്കുന്നത് ഇതേ അഭിപ്രായമാണ്. വാജ്പേയിയും നരേന്ദ്രമോദിയും സുഷമസ്വരാജും അതുതന്നെ ചെയ്യുന്നു.

''കൂരിരുൾ നീങ്ങും പ്രഭാതമാകും
വീണ്ടും ഭാരതമൊന്നാകു''മെന്ന അഭിലാഷം തന്നെയാണ് ജനങ്ങളിൽ ഉണർത്താൻ സംഘം ശ്രമിച്ചുവരുന്നത്.

കവിത കെ.ജി. ശ്രീകുമാർ

## കിട്ടൻ കമ്മ്യൂണിസ്റ്റ്

കറുത്തുമെലിഞ്ഞവൻ കിട്ടൻ
കാലിയെമേച്ചവൻ കിട്ടൻ
മേച്ചിൽപ്പുറങ്ങളിൽ
കാച്ചിയരിവാളേന്തിയോൻ
കച്ചയാലരവയർകെട്ടിയോൻ
അമ്പാടിതന്നിലവർണ്ണൻ
കാൾമാർക്സിനുമപ്പുറം
നാസ്തികസിദ്ധാന്തം മെനഞ്ഞവൻ

ചാതുർവർണ്ണ്യം മയാസൃഷ്ടം
അതുനമുക്കുമറക്കാം
കർമ്മണ്യേവാധികാരസ്തേ
മാഫലേഷുകദാചന
അതും നമുക്കു മറക്കാം
വെട്ടിയും നിരത്തിയും നവ-
കിട്ടൻ മാനിഫസ്റ്റോ ചമയ്ക്കാം

ഉള്ളവന്റെ കലമുടച്ചവൻ കിട്ടൻ
മുളന്തണ്ടാൽ പാട്ടുമൂളിയോൻ
കൽത്തുറങ്കിൽ പിറന്നവൻ
കാൽപ്പനികതനിറച്ചാർത്തണിഞ്ഞോൻ
മർദ്ദിതർ തൻരക്ഷകൻ
ദ്രൗപതിപ്പെണ്ണിനു പട്ടുചുറ്റിയോൻ
പ്രകൃതിസംരക്ഷകൻ, ബുദ്ധിജീവി
അയ്യായിരത്താണ്ടിനുംമുൻപേ
വർഗ്ഗരഹിതദ്വാരകപടുത്തവൻ
എച്ചിൽകഴിച്ചും വിശപ്പടക്കിയോൻ
രക്തസാക്ഷി,കിട്ടനൊരു കമ്മ്യൂണിസ്റ്റ്

ഇനി നമ്മുടെ ബാല്യം
കിട്ടനായി ചമഞ്ഞീടാം
ചെഗുവേരഹെഗലുംമാർക്സും
ഈ പടിപ്പുറത്തുനിൽക്കട്ടെ
ഇതുവർഗ്ഗസമരത്തിൻ
പുതുകച്ചിത്തുരുമ്പ്

തകൃതി പഠനബോധനം
ഇടയിലൊരു ചോദ്യശരം
നമ്മുടെ കിട്ടനെങ്ങനെ!
മാട്ടിറച്ചികഴിക്കുമോ?
മാട്ടിറച്ചി മഹോത്സവം നടത്തുമോ?
വിപ്ലവമുട്ടനുത്തരം മുട്ടവെ സാക്ഷാൽ
അച്യുതനവതരിച്ചുച്ചരിച്ചീടുകയായ്
സ്മൃതി ഭ്രംശാദ്ബുദ്ധിനാശം
ബുദ്ധിനാശാത് പ്രണശ്യതി

## കത്തുകൾ

### വിജയനെ കുത്തിയത് കെഎസയുക്കാർ

ഈയാഴ്ചയിലെ (സെപ്റ്റംബർ 6) വാരാദ്യത്തിൽ പി. നാരായണന്റെ 'സംഘപഥത്തിലൂടെ' എന്ന ലേഖനത്തിൽ കടന്നു കൂടിയ ഒരു പിശക് ചൂണ്ടിക്കാണിക്കട്ടെ: കൊച്ചിൻ കോളേജിൽ പി. വിജയനു കുത്തേറ്റതു 1972 ആഗസ്റ്റിൽ ആയിരുന്നു. ആ അക്രമത്തിൽ എസ്എഫ്ഐക്കോ സിപിഎമ്മിനോ ഒരു പങ്കുമില്ല. അത് ചെയ്തത് കെഎസ്‌യുക്കാരായിരുന്നു. അതിനെ കുറിച്ച് അന്വേഷണം ആവശ്യപെട്ടുള്ള ഏബിവിപി സമരങ്ങളിൽ എസ്എഫ്ഐയുടെ പരിപൂർണ്ണ പിന്തുണ ഉണ്ടായത് അതിൽ പങ്കെടുത്ത ആൾ എന്ന നിലയിൽ ഓർക്കുന്നു. അന്നത്തെ കാമ്പസ് രാഷ്ട്രീയം എസഎഫ്ഐ, എബിവിപി, എഐഎസ്എഫ്, കെഎസ്‌യു (ഓ) എന്നീ സംഘടനകൾ ഒരു ഭാഗത്തും കെഎസ്‌യു മറുഭാഗത്തും എന്ന നിലയിലായിരുന്നു.

**ടി. സതീശൻ, കൊച്ചി**

## വാരഫലം



ബ്രഹ്മശ്രീ സുഭാഷ് കാളിദാസ ശർമ്മ
ഉഴവൂർ, ഫോൺ: 9446942424

### സപ്തംബർ 13 – സപ്തംബർ–19

**മേടക്കൂറ് : അശ്വതി, ഭരണി, കാർത്തിക(1/4)**
ആയുരാരോഗ്യവിഷയങ്ങളിൽ സ്വസ്ഥാവസ്ഥ പ്രതീക്ഷിക്കാവുന്നതാണ്. സ്ഥാനമാനങ്ങളും സഞ്ചാരഗുണവും രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് ആഗ്രഹത്തിനനുസരിച്ച് ശോഭിക്കുന്നതിനും സാധിക്കുന്നതാണ്.

**ഇടവക്കൂറ് : കാർത്തിക (3/4), രോഹിണി, മകയിരം(1/2)**
ഔദ്യോഗിക രംഗത്ത് ഹിതാനുസരണം പ്രവർത്തനങ്ങളും നേട്ടങ്ങളും കൈവരിക്കും. വിദ്യാർത്ഥികൾ കഠിനാദ്ധ്വാനം ചെയ്താൽ മാത്രമേ ലക്ഷ്യത്തിൽ എത്താൻ സാധ്യമാകൂ. നൂതനമായ സുഹൃദ്ബന്ധം സ്ഥാപിക്കുന്നതിന് ഇടയാകും.

**മിഥുനക്കൂറ് : മകയിരം(1/2), തിരുവാതിര, പുണർതം(3/4)**
തടസ്സപ്പെട്ടിരിക്കുന്ന വിവാഹകാര്യങ്ങൾ തീരുമാനത്തിലാകും. സർക്കാർ ആനുകൂല്യങ്ങളും പലപ്രകാരത്തിൽ സന്തോഷപ്രദമായ അനുഭവങ്ങളും ഭവിക്കുന്നതാണ്. ആരോഗ്യപരമായ അലട്ടലുകൾക്ക് സാധ്യത.

**കർക്കടകക്കൂറ് : പുണർതം(1/4), പൂയം, ആയില്യം**
മിത്രഭാവത്തിൽ കഴിയുന്നവർ അതൃപ്തരായി മാറിനിൽക്കാനും ഔദ്യോഗിക രംഗത്ത് ശത്രുക്കൾ വർധിക്കാനും ഇടയാകും. തടസ്സപ്പെട്ടിരിക്കുന്ന ചില കാര്യങ്ങൾ സാധിച്ചുകിട്ടുകയും ഈശ്വരകാര്യത്തിൽ ശ്രദ്ധകൂടുകയും ചെയ്യുന്നതാണ്.

**ചിങ്ങക്കൂറ് : മകം, പൂരം, ഉത്രം(1/4)**
വിദേശയാത്രയിൽ കൂടി ധനലാഭമുണ്ടാകും. സുഹൃദ്ബന്ധങ്ങൾ ലഭിക്കും. വിദ്യാർത്ഥികൾക്ക് വിജയപ്രാപ്തിയും വിനോദ സഞ്ചാരത്തിനുള്ള അവസരവും സിദ്ധിക്കുന്നതാണ്.

**കന്നിക്കൂറ് : ഉത്രം(3/4), അത്തം, ചിത്തിര(1/2)**
ഭൂമിയെ സംബന്ധിച്ചും വാഹനത്തെ ചൊല്ലിയും കലഹങ്ങൾക്കിടയാകും. രാഷ്ട്രീയരംഗത്ത് നിൽക്കുന്നവർക്ക് അപവാദങ്ങൾ സഹിക്കേണ്ടതായിവരും. ചിരകാലാഭിലാഷങ്ങൾ സഫലീകൃതമാകുകയും ചെയ്യും.

**തുലാക്കൂറ് : ചിത്തിര(1/2), ചോതി, വിശാഖം(3/4)**
ആരോഗ്യപരമായ അവശതകൾ ഇടയ്ക്കിടെ അലട്ടുകയും ഹൃദയസംബന്ധമായ അസുഖങ്ങൾ നിമിത്തം ക്ലേശങ്ങളും ഉണ്ടാകും. ഉദ്യോഗത്തിനായുള്ള പരിശ്രമങ്ങൾ സഫലീകരിക്കും. ഉന്നതസ്ഥാനമാനങ്ങൾ വന്നുചേരുന്നതാണ്.

**വൃശ്ചികക്കൂറ് : വിശാഖം (1/4), അനിഴം, തൃക്കേട്ട**
സ്വന്തമായി വാഹനം ഓടിക്കുന്നവർക്ക് അപകടഭീതി ഉണ്ടാകാവുന്നതാണ്. ആരോഗ്യനില പൊതുവെ മെച്ചമാകും. ധനവരവിനേക്കാൾ കൂടുതൽ ചെലവാകാൻ വഴിയുണ്ടാകും. വിശ്വസ്തരിൽ നിന്നും മനോദുഖത്തിനിടയാകും.

**ധനുക്കൂറ് : മൂലം, പൂരാടം, ഉത്രാടം(1/4)**
രാഷ്ട്രീയ പ്രവർത്തകർക്ക് ഈ മാസം സമാധാനക്കുറവുകൾ ഉണ്ടാകുന്നതാണ്. ധനവ്യാപാരമേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അഭിവൃദ്ധിയും പുതിയ കുടുംബ ബന്ധങ്ങൾ സ്ഥാപിക്കുന്നതിനും ഇടയാകും.

**മകരക്കൂറ്: ഉത്രാടം(3/4), തിരുവോണം, അവിട്ടം(1/2)**
അധികമായ ധനവ്യയങ്ങളും അധികാര സ്ഥാനങ്ങളിൽ നിന്നും അനർത്ഥങ്ങളും ഇഷ്ടജനങ്ങളുമായി മനോമത്സരങ്ങളും ഉണ്ടാകുന്നതാണ്. ഉദ്യോഗത്തിനായി പരിശ്രമിക്കുന്നവർക്ക് ഗുണഫലവും വിവാഹതീരുമാനങ്ങൾ സഫലീകരിക്കുകയും ചെയ്യും.

**കുംഭക്കൂറ് : അവിട്ടം(1/2), ചതയം, പൂരുരുട്ടാതി(3/4)**
ആരോഗ്യപ്രശ്നങ്ങൾ കൂടുതൽ അലട്ടാനും സന്താനങ്ങൾക്കുവേണ്ടി കൂടുതൽ ക്ലേശിക്കേണ്ടിവരികയും ചെയ്യും. ജീവിതചുറ്റുപാടുകളിൽ അസഹിഷ്ണുത വർധിക്കും. ധനാഗമമാർഗ്ഗങ്ങൾ പലതും തടസമാകും.

**മീനക്കൂറ് : പൂരുരുട്ടാതി(1/4), ഉതൃട്ടാതി, രേവതി**
വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നവർക്ക് അശുഭകരമായ സാഹചര്യങ്ങൾ നേരിടേണ്ടിവരും. സ്വാഭിപ്രായം മുൻനിർത്തിയുള്ള പ്രവർത്തികളാൽ ക്ലേശങ്ങളും സ്വജ്ജനങ്ങൾ തമ്മിൽ മത്സരങ്ങൾക്കും ഇടയാകും. തടസ്സപ്പെട്ടുനിൽക്കുന്ന വിവാഹാലോചനകൾ സഫലീകൃതമാകും.

വായന മുറി

## പൂമ്പാറ്റയുടെ പുഞ്ചിരിയുമായി കാവൽമാലാഖ

**ഷിഹാബ് കുരീപ്പുഴ**

ഒരു സാഹിത്യകൃതി സമൂഹത്തിലിറങ്ങിയാൽ അതിനെ പ്രണയിക്കുന്നതും നൊമ്പരപ്പെടുത്തുന്നതും വായനക്കാരും വിമർശകരുമാണ്. സിനിമയെന്ന കലയെ കച്ചവടച്ചരക്കാക്കി വിൽപന നടത്തിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് സാഹിത്യസൃഷ്ടികളെ അതിന്റെ കലാപരമായ സവിശേഷതകൾകൊണ്ടും പരിജ്ഞാനംകൊണ്ടും മാത്രമെ തിരിച്ചറിയാൻ കഴിയൂ. ആസ്വാദക ഹൃദയങ്ങളിൽ ആഴത്തിൽ പതിയുന്ന കൃതികളും പതിയാത്തവയുമുണ്ട്. അത് അദൃഷ്ടശാലി മണ്ണു തൊട്ടാൽ അത് പൊന്നാകും എന്ന് പറയുന്നതു പോലെയാണ്. ആദർശശാലികളായ എഴുത്തുകാരുടെ സാഹിത്യകൃതികളെന്നും സമൂഹത്തിലെ ജീർണ്ണതകൾക്കും തിന്മകൾക്കുമെതിരെ പോരടിക്കുന്നവയാണ്. അങ്ങനെയുള്ള കൃതികൾ സമഹൂത്തിനെന്നും ചൈതന്യമാണ്. അത് അഴകും ആഴവമുള്ള കൃതികളായി നിലനിൽക്കുന്നു. ജീവിതത്തെക്കാൾ മരണമാണ് നല്ലതെന്ന് വിശ്വസിക്കുന്ന മണ്ടീമണ്ടൻമാരുടെ മദ്ധ്യത്തിൽ മരണത്തെക്കാൾ നല്ലത് ജീവിതമെന്ന് വിശ്വസിക്കുന്ന സമാശ്വസിപ്പിക്കാൻ ആരുമില്ലാത്തവരുടെ മദ്ധ്യത്തിൽ നിന്നുവരുന്ന ഒരു സ്ത്രീയുടെ വികാര തീവ്രമായ ശബ്ദമാണ് സാഹിത്യ സഹകരണ സംഘം പ്രസിദ്ധീകരിച്ച മലയാളത്തിലും ഇംഗ്ലീഷിലുമെഴുതുന്ന സാഹിത്യകാരൻ കാരൂർ സോമൻ ചാരുംമൂടിന്റെ കാവൽ മാലാഖ എന്ന നോവൽ. എന്നാൽ ഇതിന്റെ അന്ത്യം ദാരുണമായ ഒരു പര്യവസാനമായി എന്തിനുമാറ്റി എന്നത് ഒരു ചോദ്യമാണ്. ദിവസങ്ങളായി ചത്തുകിടന്ന കൺപോളകൾ ഒന്നു ചലിച്ചു. ജീവനില്ലാത്ത കൃഷ്ണമണികളിൽ ഒരനക്കം മങ്ങിയ പ്രകാശത്തിന്റെ നേർത്ത വീചികളിൽ സൈമൺ കണ്ടു. സൂസ്സൻ. രണ്ടുവർഷത്തിനുശേഷം അവൾക്കായൊരു ചിരി ചുണ്ടിന്റെ കോണിലെവിടെയോ കൊളുത്തിവലിച്ചു. വിമർശനങ്ങൾ തള്ളുന്നതും കൊള്ളുന്നതും നീതിയോടും നിഷ്പക്ഷവുമാകണമെന്നില്ല. ഒരു കൃതിയെ ആഴത്തിൽ എത്തിക്കാനല്ല അവരുടെ ശ്രമം.




ലണ്ടനിൽ നേഴ്സായി ജോലി ചെയ്യുന്ന സൂസ്സൻ ഒരു സാധാരണ കുടുംബത്തിൽ പിറന്നവളാണ്. കേരളത്തിലെ പല നേഴ്സുമാരുടെയും ദാമ്പത്യജീവിതത്തിലേക്ക് കടന്നു ചെല്ലുമ്പോൾ കാണുന്ന കാഴ്ച തന്നെക്കാൾ ഉയർന്ന നിലയിലുള്ള ഒരു ഭർത്താവ്, കുടുംബം, സമ്പത്ത് ഇതവർ സ്വപ്നം കാണുന്നു. അവരെക്കാൾ വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്നവരും ഈ കൂട്ടത്തിലുണ്ട്. ഇത് കാലത്തിനു നേരെയുള്ള ഒരു മനസ്സിന്റെ വ്യാപാരമായി നമുക്കു കാണാം. മറ്റൊരു തരത്തിൽ പറഞ്ഞാൽ സമ്പത്തിനോടുള്ള ആഭിമുഖ്യം. എന്നാൽ ഇന്നവർക്ക് ഭൂതകാലത്തിന്റെ മനസ്സല്ല. അവരുടെ മനസ്സ് സമ്പത്തിലേക്കല്ല മറിച്ച് വിദ്യാഭ്യാസ യോഗ്യതകൾ, വ്യക്തിത്വം മുതലായവയിലാണ്. കാവൽ മാലാഖ എന്ന നോവലിലെ നായിക സൂസ്സൻ സ്വഭാവവിശുദ്ധിയിൽ മാത്രമല്ല സൗന്ദര്യത്തിന്റെ ശിൽപ്പഗോപുരം കൂടിയാണ്. അവളുടെ മുഖത്ത് നോക്കിയാൽ ഉദയ സൂര്യന്റെ തേജസ്സു പോലെയാണ്. വിദ്യാസമ്പന്നനായ ഉന്നതകുലത്തിൽ പിറന്ന സൈമന് അവളെ ഇഷ്ടപ്പെടാൻ കാരണവും മറ്റൊന്നായിരുന്നില്ല. കൈയ്യിൽ ചായയുമായി വരുമ്പോൾ അവനത് പൂജാപുഷ്പമായി അനുഭവപ്പെട്ടു. സ്വഭാവശുദ്ധിയില്ലാത്തവന് സ്വഭാവശുദ്ധി വരുത്താനാണ് സമ്പന്നരായ മാതാപിതാക്കൾ ലണ്ടണിലേക്ക് സൈമനെ വിവാഹം കഴിപ്പിച്ചയച്ചത്. സൂസ്സന് കാണാൻ കഴിഞ്ഞത് നാട്ടിലെ സൈമനെയല്ല. തികച്ചും വ്യത്യസ്തനായ ഒരാളെയാണ്. അവളുടെ ശരീരത്തിനും മനസ്സിനും മങ്ങലേറ്റു. മദ്യത്തിനടിപ്പെട്ട, വേശ്യകൾക്കൊപ്പം ജീവിച്ച സൈമൻ ലണ്ടണിലും മദ്യത്തിനടിമയാകുക മാത്രമല്ല അവളുടെ ശരീരത്തെ വേദനിപ്പിക്കകൂടി ചെയ്യുന്നു. സൈമന്റെയുള്ളിലെ കാമഭ്രാന്തൻകോശങ്ങൾ മൃഗീയമായി അവളുടെ ശരീരത്തിലേക്ക് തുന്നിചേർക്കപ്പെടുന്നു. കിടപ്പുമുറിയിൽ ലഭിക്കുന്ന സ്നേഹചുംബനങ്ങളൊക്കെയും മൂർച്ചയുള്ള ആയുധമായി മാറുന്നു. ഇതിനിടയിലാണ് അവർക്കൊരു ആൺകുഞ്ഞ് ജനിക്കുന്ന്. പേര് വൈസ്യ ചാർളി. അവിടെയും സൈമന്റെ ഇരട്ടമുഖം പുറത്തു കാട്ടുന്നു. അതോടെ സൂസ്സൻ പ്രതികരിച്ചു തുടങ്ങി. കൈകളിലുള്ള ബിരുദാനന്തര സർട്ടിഫിക്കറ്റുപോലും കാശുകൊടുത്തു വാങ്ങിയതെന്ന് തിരിച്ചറിയുന്നു. നാട്ടിലേതുപോലെ ഒരു പണിയും ചെയ്യാതെ മദ്യവും സംഘടനകളും മറ്റ് സ്ത്രീകളുമായി ജീവിതം നയിക്കുന്ന സൈമനെ ജീവിതത്തിൽ നിന്ന് തുടച്ചുമാറ്റാൻ തീരുമാനിക്കുന്നു. ചാർളിയെ നോക്കണമെങ്കിൽ ജോലി രാജി വെക്കണം അല്ലെങ്കിൽ കിട്ടുന്ന ശമ്പളത്തിന്റെ പകുതി ആയമാർക്കു കൊടുക്കണം. പല ഭർത്താക്കൻമാരും കുട്ടികളെ നോക്കി വീട്ടിലിരിക്കുന്നുണ്ടെങ്കിലും സൈമന് അതിനും താൽപര്യമില്ല. തീരെ നിർവ്വാഹമില്ലാത്തതിനാൽ ചാർളിയെ സൈമനറിയാതെ നാട്ടിൽ സ്വന്തം അമ്മയെ ഏൽപിക്കുന്നു. തുടർന്ന് സൈമന്റെ പിതാവ് ഗുണ്ടകളെക്കൂട്ടി അവളുടെ വീട്ടിലെത്തുന്നു. ഇതറിഞ്ഞ് സൂസ്സന്റെ നാട്ടിലെ ചട്ടമ്പിയായ അമ്മാവൻ വീട്ടിലെത്തി ഗുണ്ടകളെ നേരിടുന്നു. സൈമന് കുട്ടിയെ സ്വന്തമാക്കാൻ കഴിയുന്നില്ല. ഇതോടെ വിവാഹമോചനത്തിന് സൂസ്സൻ മുന്നോട്ടുവരുന്നു. ഇവിടെയാണ് സ്ത്രീത്വം ശബ്ദിച്ചു തുടങ്ങുന്നത്. അവൾ ഒരു ഈറ്റപ്പുലിയായി മാറുന്നത്. ഭർത്താവിനൊപ്പം മൗനനൊമ്പരങ്ങളും, വേദനകളും കടിച്ചമർത്തി ജീവിക്കേണ്ടവളല്ല ഭാര്യയെന്ന് അവൾ വെളിപ്പെടുത്തുന്നു. നൂറ്റാണ്ടുകളായി സ്ത്രീകൾ പീഡനങ്ങൾ ഏറ്റുവാങ്ങുന്നവരാണ്. അത് വിദ്യാസമ്പന്നരായ സ്ത്രീകൾക്ക് മുന്നിൽ വിലപ്പോവില്ലെന്ന് സൂസ്സൻ തെളിയിക്കുന്നു. ദുഷ്ട മനസ്സുള്ള പുരുഷന് സൂസ്സൻ ഒരു വെല്ലുവിളിയായി മാറുന്നു. അത് കുറ്റം ചെയ്തവരെ ശിക്ഷിക്കാത്ത നിയമവ്യവസ്ഥിതിയോടുള്ള ഒരു വെല്ലുവിളിയാണ്. വിവാഹബന്ധം വേർപ്പെടുത്തുന്ന സൂസ്സൻ സ്വതന്ത്രയാകുന്നു. ഇന്നവളുടെ മനസ്സു നിറയെ സന്തോഷമാണ്. മറ്റൊരു വിവാഹം കഴിച്ച സൈമൻ അവരുടെ കൈകളാൽ ദാരുണായി കൊല്ലപ്പെടുന്ന കാഴ്ചയാണ് ഈ നോവൽ നൽകുന്നത്. സ്വന്തം മക്കളെ നേരായ പാതയിൽ വളർത്താത്ത മാതാപിതാക്കൾക്ക് ഈ നോവൽ ഒരു മുന്നറിയിപ്പുകൂടി നൽകുന്നുണ്ട്.

മോഹങ്ങളും മോഹഭംഗങ്ങളും പ്രതീക്ഷകളും പ്രത്യാശകളും നിറഞ്ഞ കാവൽ മാലാഖയിൽ, സൂസ്സനെ സ്ത്രീകളുടെ മാത്രമല്ല സമൂഹത്തിന്റെ ഒരു മാലാഖയായിട്ടാണ് നോവലിസ്റ്റ് പ്രതിഷ്ഠിക്കുന്നത്.

പ്രസാധകർ :
സാഹിത്യപ്രവർത്തക
സഹകരണ സംഘം
നോവൽ - കാവൽ മാലാഖ
വില - 60 രൂപ

# ഓ, കൊൽക്കത്ത !



■ കെ. മോഹൻദാസ്

കാളിഘട്ടിൽ നിന്ന് പേര് കൊൽക്കത്തയായപ്പോൾ കാളിയുടെ സൗമ്യസാന്നിധ്യവും രൗദ്രചടുലതയും എങ്ങുമുണ്ടാകുമെന്നതിൽ എന്ത് സംശയം. ഭാരതത്തിലെ എല്ലാ സംസ്കാരവും എല്ലാ ഭാവവും കൊൽക്കത്തയിലെ ഗലികളിലും ഇടറോഡുകളിലും സജീവം. ഒരുവേള സ്വന്തം നാടുപോലുള്ള അനുഭവവും ഉണ്ടായേക്കും. അതാണ് കൊൽക്കത്ത. മുപ്പത്തഞ്ചു വർഷം ആ നാട് ഭരിച്ച പാവങ്ങളുടെ പാർട്ടിയെന്ന് അവകാശപ്പെടുന്ന സർക്കാർ അവിടത്തെ അടിസ്ഥാനവർഗത്തിനു വേണ്ടി എന്തു ചെയ്തു എന്നതിന്റെ ഉത്തരമാണ് ആ പാർട്ടിയെ ഭരണത്തിൽ നിന്ന് ദയനീയമായി എടുത്തുമാറ്റിയത്. പണക്കാരനും പാർട്ടിക്കാരനും ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും തങ്ങൾക്കൊരുപോലെയെന്ന് പ്രസംഗത്തിൽ പറയുന്ന പാർട്ടിയുടെ അടിവേരിൽ എന്താണുള്ളതെന്ന് ബംഗാളികൾ മനസ്സിലാക്കിയിരിക്കുന്നു. അതിന്റെ ചൂടുംപുകയും ഉയർന്നു തുടങ്ങിക്കഴിഞ്ഞു. കേരളത്തിൽ നിന്നുള്ള 40 ഓളം വരുന്ന പത്രപ്രവർത്തകർ നാലു ദിവസം കൊൽക്കത്തയിലെ ഹൃദ്സ്പന്ദനങ്ങളിലേക്ക് ചെവിയോർത്തപ്പോൾ എന്തുകൊണ്ട് ബംഗാളികൾ കേരളത്തിലേക്ക് തുടരത്തുടരെയെത്തുന്നു എന്നതിന്റെ പൊരുൾ അറിഞ്ഞു.

## അന്ന് നഗ്നപാദർ

പതിനാലുവർഷം മുമ്പ് കൊൽക്കത്തയിലെത്തിയപ്പോൾ കണ്ടതിൽ നിന്ന് എന്ത് മാറ്റമാണ് ഇപ്പോഴുള്ളതെന്ന തികച്ചും ലളിതമായ ചോദ്യത്തിന് അതിനെക്കാൾ ലളിതമായ ഉത്തരമിതാണ്. ആളെയിരുത്തി റിക്ഷ വലിക്കുന്നവന് ബസു സർക്കാർ ഒരു ചെരിപ്പു പോലും നൽകാഞ്ഞപ്പോൾ മമത ബാനർജി അത് നൽകിയിരിക്കുന്നു. പ്രധാന റോഡുകളിലേക്ക് ചെന്നെത്തുന്ന സകല റോഡുകളിലും നിങ്ങൾക്ക് റിക്ഷാവാലകളെ കാണാം. ബ്രഹ്മപുത്ര ആസാമിന്റെ ദുഃഖമെന്ന് പറയുന്നതുപോലെ ഈ റിക്ഷാവാലകൾ വംഗനാടിന്റെ ദുഃഖമാണ്. അവരുടെ മുഖത്ത് ആഴത്തിൽ ചാലിട്ടൊഴുകുന്നത് ജീവിതത്തിന്റെ നിസ്സഹായതയിൽ നിന്നുള്ള കണ്ണീരാണ്. അത് കാണുന്ന അടുത്ത നിമിഷം മേഘങ്ങളെ പുണരാൻ കുതിച്ചുയരുന്ന രമ്യഹർമ്യങ്ങളും കാണാം. റോഡിനോരത്ത് ഒരു ജീവിതം സജീവമാകുന്നതിന്റെ ആശ്ചര്യത്തിലേക്ക് കണ്ണുകൂർപ്പിക്കുമ്പോൾ ഇതൊക്കെ തികച്ചും സാധാരണം എന്ന നിസ്സംഗതയാണ് പാവങ്ങൾക്കുള്ളത്. വെപ്പും തീനും കുടിയും കുളിയും അലക്കും ഷേവു ചെയ്യലും എന്നുവേണ്ട സകലതും റോഡിനോരത്ത് തന്നെ! ആ കാഴ്ചയ്ക്കൊപ്പം തന്നെ കോട്ടും ടൈയും കെട്ടിയ ന്യൂജൻ സമൂഹവും ഉരുമ്മിനീങ്ങുന്നു. ഒരു ഭാഗത്ത് മെട്രോ കുതിച്ചുപായുമ്പോൾ മറുഭാഗത്ത് ആളെയും കയറ്റി റിക്ഷാവാലകൾ കിതച്ചും ചുമച്ചും പോകുന്നതാണ് കൊൽക്കത്തയുടെ രീതി. ഇവരുടെ ജീവിതത്തെ അധികൃതർ അവഗണിക്കുന്നതാണോ, അവർ അധികൃതരെ അവഗണിക്കുന്നതാണോ എന്ന ചോദ്യത്തിന് ഉത്തരമില്ല.

## പ്രാചീനസൗന്ദര്യം

പഴഞ്ചൻ ബസ്സുകളും ട്രാമും മഞ്ഞച്ചായമടിച്ച ടാക്സികളും കൊൽക്കത്തയെ അതിന്റെ പ്രാചീന സൗന്ദര്യത്തിലേക്ക് കൂട്ടിക്കൊണ്ടുപോവുമ്പോൾ മെട്രോയും കൂറ്റൻ കെട്ടിടങ്ങളും അതുമായി ബന്ധപ്പെട്ട സകല സംഗതികളും ആധുനിക സൗന്ദര്യസങ്കൽപ്പത്തിന്റെ നേർ ചിത്രമാവുകയാണ്. അതുകൊണ്ട് തന്നെ റിക്ഷാവാലകളുടെ കണ്ണീരിലേക്ക് ആർദ്രതയോടെ നോക്കുന്ന അതേ നിമിഷം നവസൗന്ദര്യത്തിന്റെ ധവളിമയിൽ പകച്ചു നിൽക്കുകയും ചെയ്യും.

മഹാനഗരത്തിന്റെ ഗാംഭീര്യതയിൽ അഭിരമിക്കുന്നവർക്ക് ഏതു തരത്തിലും അവിടെ ജീവിക്കാമെന്ന കാര്യം എടുത്തുപറയേണ്ടതാണ്. നഗരത്തിരക്കിൽ മൂന്നു രൂപയ്ക്ക് ഒരു ചെറിയ കപ്പിൽ ചായ കിട്ടുന്നു. നൂറ് രൂപകൊണ്ട് ഒരാൾക്ക് ഒരു ദിനം കഴിയാൻ സാധിക്കുന്നു. കേരളത്തിലെ ഒരു ഗ്രാമത്തിൽ പോലും ഇങ്ങനെ സാധിക്കില്ലെന്നതാണ് വാസ്തവം. എന്നാൽ പണിക്കൊത്ത കൂലി അവിടെയില്ല. അതുകൊണ്ടുതന്നെ ഹൗറയിൽ നിന്നും കൊൽക്കത്തയിൽ നിന്നും കേരളത്തിലേക്ക് കിതച്ചെത്തുന്ന തീവണ്ടികളിൽ വംഗബന്ധുക്കൾ ഇരമ്പിക്കയറുന്നു. അവരുടെ സ്വപ്നഭൂമിയായി ഈ കൊച്ചുകേരളം മാറുന്നു. ഏതെങ്കിലും കടയിൽ ചായ കുടിക്കാനോ മറ്റോ കയറിയാൽ സംസാരത്തിനിടെ മലയാളികളാണെന്ന് അറിഞ്ഞാൽ അടുത്ത ക്ഷണം തങ്ങളുടെ ബന്ധു കേരളത്തിലുണ്ടെന്ന് അവർ ആശ്വാസം കൊള്ളുന്നു. അവിടത്തെ വീടുകളിൽ പലതിലും നമ്മുടെ നാട്ടിലെ കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ കലണ്ടറുകൾ തൂങ്ങുന്നുണ്ടെന്നതും കൗതുകകരമായ വസ്തുത!

## കാളീസാന്നിധ്യം

കാളിയുടെ സാന്നിധ്യം കൊൽക്കത്തയിലെ ഊടുവഴികളിൽ പോലും തുടിക്കുന്നുണ്ടെന്ന് നടേ സൂചിപ്പിച്ചുവല്ലോ. ചെമ്പരത്തിപ്പൂവും കുങ്കുമവുമായി ആരാധനയ്ക്ക് എങ്ങും ആളുകൾ എത്തുന്നു. പ്രശസ്തമായ കാളിഘട്ടിലാണെങ്കിൽ കാളി തന്റെ രൗദ്രഭാവം എല്ലാ അർത്ഥത്തിലും വെളിപ്പെടുത്തുകയും ചെയ്യുന്നു. കാളിദേവിയുടെ ശക്തി അപാരമാണെന്ന് വിശ്വസിക്കുന്നവർ തങ്ങളുടെ മത-സംസ്കാരങ്ങളൊക്കെ മാറ്റിവെച്ച് കാളിക്ക് അർച്ചന നടത്തുന്നു. ചെമ്പരത്തിപ്പൂവും പേടയും കുട്ടയിലാക്കി കച്ചവടക്കാർ തന്നെ വിശ്വാസികളെ മുഖമണ്ഡപത്തിലേക്ക് നയിക്കുന്നു. മലയാളികൾക്ക് ഇന്നും ഞെട്ടലോടെ മാത്രം കാണാൻ കഴിയുന്ന മൃഗബലിയും ഇവിടെ സജീവം. കറുത്ത ആടിനെ കൈയും കാലും കൂട്ടിപ്പിടിച്ച് അറുക്കുന്ന കാഴ്ച ഒരുവേള ഭീകരമായ ഒരു അനുഭവം തന്നെ. അതിന്റെ നിലവിളിയിൽ ഏതോ ഭക്തന്റെ ഐശ്വര്യം കലർന്നിരുന്നോ എന്ന സംശയം വല്ലാത്തൊരു മാനസികാവസ്ഥയുണ്ടാക്കി. കാളിദേവിയുടെ ചോരവാർന്ന നിറമുള്ള നാക്കിന് അടുത്തിടെ മാറ്റം വരുത്തിയത് പലർക്കുമുണ്ടായ ഭയം കൊണ്ടാണെന്ന് ഞങ്ങളുടെ വഴികാട്ടിയായ കൈലാസ് പറഞ്ഞു. കാളിഘട്ടിൽ ഭക്തിയാണോ ഭയമാണോ നിറഞ്ഞിരുന്നതെന്ന് ഒറ്റയടിക്കു പറയാനാവില്ല. ആ ക്ഷേത്രത്തെ ആശ്രയിച്ചു കഴിയുന്ന വലിയൊരു സമൂഹത്തിന് അത്താണിയാണ് കാളി. കാളീപൂജയിൽ അവർ അത്രമാത്രം ഇഴുകിച്ചേരാനുള്ള കാരണവും മറ്റൊന്നല്ല.



## കുതിച്ചുപായും മെട്രോ

കൊൽക്കത്തയിലെ ഗതാഗത സ്തംഭനം അസഹനീയമായ അനുഭവമാണ്. ഒരു കിലോമീറ്റർ ദൂരം പിന്നിടാൻ പോലും ചിലപ്പോൾ മണിക്കൂർ തന്നെയെടുത്തെന്നിരിക്കും. രണ്ട് മിനിട്ട് ഇടവേളയിൽ ഭൂഗർഭ മെട്രോ ട്രെയിൻ കുതിച്ചു പായുമ്പോഴും ഇതാണ് അവസ്ഥയെങ്കിൽ അതില്ലാഞ്ഞാലുള്ള സ്ഥിതിയെപ്പറ്റി പറയാതിരിക്കുകയാവും ഭേദം. അഞ്ചുരൂപയ്ക്ക് സുഖസമൃദ്ധമായ ഒരു സവാരിയാണ് മെട്രോയിൽ ലഭിക്കുക. ലക്ഷങ്ങൾ ഒരു ദിനത്തിൽ മെട്രോ ഉപയോഗിക്കുന്നു. വൃത്തിയും വെടിപ്പോടെയും മെട്രോ കുതിച്ചുപായുന്നതിന്റെ ഒരു കാരണം യാത്രക്കാർ തന്നെ. അത്തരമൊരു സംസ്കാരം വല്ലാതെ അത്ഭുതപ്പെടുത്തുന്നതാണ്. പ്രത്യേകിച്ചും കുളിയും കുടിയും റോഡിനോരത്ത് തന്നെയായവർ ഇങ്ങനെ ചെയ്യുമ്പോൾ. ആർക്കും ടിക്കറ്റ് എടുക്കാതെ അതിൽ യാത്ര ചെയ്യാനാവില്ല. മണിക്കൂറുകൾ കാത്തിരിക്കേണ്ട സ്ഥിതിക്ക് മിനിറ്റുകൾ മതിയെന്നതും ഏറ്റവും കുറഞ്ഞത് അഞ്ച് രൂപയാണ് ടിക്കറ്റ് നിരക്കെന്നതും മെട്രോയെ കൂടുതൽ ആകർഷകമാക്കുന്നു.



തിരക്കു കൂടിയ ഹൗറയിലേക്കും ബേലൂരേക്കും മെട്രോ ദീർഘിപ്പിക്കാനുള്ള ശ്രമം അണിയറയിൽ നടക്കുന്നു. കേരളത്തെ അപേക്ഷിച്ച് വിസ്തൃതി കൂടിയ സംസ്ഥാനമെന്ന നിലയ്ക്ക് വികസനത്തിന് സ്ഥലം ഏറ്റെടുക്കേണ്ടിവരുന്നതിന് പ്രത്യേകിച്ച് ബുദ്ധിമുട്ടുകളൊന്നുമില്ല. മെട്രോയ്ക്ക് വേണ്ടി നിലവിളികൂട്ടുന്ന കേരളത്തിന്റെയും മെട്രോ കുതിയ്ക്കുന്ന കൊൽക്കത്തയുടെയും ചിത്രങ്ങൾ ഒരുവേള മനസ്സിലൂടെ മിന്നിമറഞ്ഞു.

## പണിമുടക്കിലെ പണി

കൊൽക്കത്ത ഹർത്താലുകളെയും പണിമുടക്കിനെയും എങ്ങനെ കാണുന്നുവെന്ന് അടുത്തറിയാൻ കഴിഞ്ഞു എന്നത് പ്രത്യേക അനുഭവമായി. ദേശീയ പണിമുടക്ക് ദിനമായ സപ്തം. 2 നാണ് ഞങ്ങൾ നഗരവും കാളിഘട്ടും മറ്റും കാണാനിറങ്ങിയത്. ഊർജസ്വലനായ കോഴിക്കോട് പ്രസ് ക്ലബ് പ്രസിഡന്റ് കമാൽ വരദൂർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഖാദർ പാലാഴി, പബ്ലിക് റിലേഷൻസ് ഡെപ്യൂട്ടി ഡയറക്ടർ പി. വിനോദ് എന്നിവരാണ് 40 പേരടങ്ങുന്ന സംഘത്തെ നയിച്ചിരുന്നത്. അവർക്ക് കരുത്തു പകരാൻ വിവേകാനന്ദ ട്രാവൽസിന്റെ എം.ഡി. നരേന്ദ്രനും. നരേന്ദ്രന്റെ ചുറുചുറുക്ക് അത്ഭുതപ്പെടുത്തുന്നതായി. സംഘത്തിലെ പലരും ക്ഷീണിതരാവുമ്പോൾ വർധിത വീര്യത്തോടെ പാട്ടും കളിയുമായി നരേന്ദ്രൻ മുമ്പിൽ. സാക്ഷാൽ വിവേകാനന്ദന്റെ നരേന്ദ്രത്വം എങ്ങനെയോ നമ്മുടെ നരേന്ദ്രനിൽ നിറഞ്ഞതുപോലെ. ഓരോ ഭാഗത്തേക്കുറിച്ചും ചടുലമായ വിവരണങ്ങൾ; ഇടക്കിടെ 'ഇവിടെ ശ്രദ്ധിക്ക്യാ' എന്ന പ്രയോഗം സകലരേയും ചിരിപ്പിച്ചു.

വിക്ടോറിയാ രാജ്ഞിയുടെ ഓർമ്മയ്ക്കായി നിർമ്മിച്ച വിക്ടോറിയ ടെർമിനസ്, ഈഡൻ ഗാർഡൻ, ഇന്ത്യൻ മ്യൂസിയം, എക്കോളജിക്കൽ മ്യൂസിയം എന്നിവിടങ്ങളിലൊക്കെ സന്ദർശനം നടത്തി. ഹൗറാപാലത്തിന്റെ സൗന്ദര്യം മുഴുവൻ ആസ്വദിക്കാനായി ലോഞ്ചിൽ പോയത് കുളിർയുള്ള അനുഭവമായിരുന്നു.

## സുന്ദരവനം

ലോകം മുഴുവൻ ശ്രദ്ധിക്കുന്ന ഒരു സ്ഥലമാണ് ദ്വീപസമൂഹമായ സുന്ദർബൻ. 38 ലധികം ദ്വീപുകൾ. നാലെണ്ണത്തിലേക്ക് ആർക്കും പ്രവേശനമില്ല. കടുവസംരക്ഷണ പ്രദേശമാണ് കണ്ടൽച്ചെടികൾ കാവൽ നിൽക്കുന്ന, ഹെക്ടർ കണക്കിന് സ്ഥലമുൾക്കൊള്ളുന്ന സുന്ദർബൻ. മീൻപിടിച്ചും തേൻ ശേഖരിച്ചും ജീവിതത്തിന്റെ ഇരുവശവും കൂട്ടിമുട്ടിക്കാൻ പാടുപെടുന്നവർ കഴിയുന്നിടം. ആരാലും ശ്രദ്ധിക്കപ്പെടാതിരുന്ന പ്രദേശത്ത് വികസനത്തിന്റെ നേരിയ പ്രകാശം വിടർന്നിട്ട് അധികം കാലമായിട്ടില്ല. ദൈന്യത മുഖമുദ്രയായ കുറെ ആളുകൾ. സ്ത്രീകളടക്കം വലയെറിഞ്ഞ് മീൻ പിടിക്കുന്നു. സ്കൂളും മറ്റുമുണ്ടെങ്കിലും അവിടെ പോകുന്ന കുട്ടികളെക്കാൾ കൂടുതൽ പുറത്താണ്. ലോക ടൂറിസ ഭൂപടത്തിൽ സുന്ദർബൻ വന്നതോടെയാണ് ചെറിയ ചില മാറ്റങ്ങൾ കണ്ടുതുടങ്ങിയത്. ഒന്നൊന്നര മണിക്കൂർ ജലയാത്ര നടത്തിയാൽ മ്യൂസിയവും കണ്ടൽ ചെടി ഗവേഷണ കേന്ദ്രവും ഉൾപ്പെടുന്ന വനം വകുപ്പ് ഓഫീസിലെത്താം. കടുവയുടെ സാന്നിധ്യം പ്രതീക്ഷിക്കുന്നയിടം പ്രത്യേകം അടയാളപ്പെടുത്തി വെച്ചിട്ടുണ്ട്. പണ്ട് കാട്ടിൽ നിന്ന് കടുവയിറങ്ങി തടാകം നീന്തിക്കടന്ന് ആളുകളെ കൊന്നു തിന്നുമായിരുന്നുവത്രെ. കടുവയെ തെറ്റിദ്ധരിപ്പിക്കാൻ ആൾ രൂപം വയ്ക്കാറുണ്ടായിരുന്നുപോലും. സുന്ദർബന്റെ ഒരു ഭാഗം ബംഗ്ലാദേശിലാണ്. വനം വകുപ്പ് ഓഫീസിലെത്തുന്ന വിനോദസഞ്ചാരികൾക്ക് വിവരങ്ങൾ നൽകാനായി പ്രദേശവാസികളായവരെ ഗൈഡുകളായി നിർത്തിയിട്ടുണ്ട്. വനം വകുപ്പ് തുച്ഛമായ വല്ലതും നൽകിയാലായി. വിനോദസഞ്ചാരികൾ മനസ്സറിഞ്ഞ് നൽകുന്നതാണ് ഇവരുടെ ജീവിത മാർഗ്ഗം. സുന്ദരി എന്ന് പേരായ ഒരു കണ്ടൽച്ചെടിയിൽ നിന്നാണ് സുന്ദർബൻ (ഒരുപക്ഷേ, സുന്ദരവനം എന്നാവാം) എന്ന് സ്ഥലത്തിന് പേരുണ്ടായതെന്ന് ഗൈഡ് സൂചിപ്പിച്ചു. വലിയ കാതലുള്ള ആ മരം ഫർണിച്ചർ നിർമ്മാണത്തിന് ഉപയോഗിക്കാറുണ്ട്. സുന്ദർബന്റെ സംരക്ഷണത്തിനാവാം ഇവിടെയും ഒരു ചെറിയ ക്ഷേത്രമുണ്ട്. ബൻദേബതാ ക്ഷേത്രം എന്നാണറിയപ്പെടുന്നത്.

(അവസാനിക്കുന്നില്ല)



# ഗുലാം അലിക്ക്

## ഇനി സുഖമായി പഠിക്കാം

സുന്ദർബനിലേക്കുള്ള യാത്രയിൽ ഹൗസ്ബോട്ടിലാണ് അവനെ കണ്ടത്. പതിനൊന്നിനടുത്ത പ്രായം. ദാരിദ്ര്യത്തിന്റെ വേദന ഉറഞ്ഞുകൂടിയ മുഖഭാവം. അവന്റെ ചിരിയിൽ പോലും നിസ്സഹായതയുടെ നിലവിളി. അവൻ ഗുലാം അലി. നാലാം ക്ലാസിൽ പഠിക്കുന്നുവെന്നാണ് പറഞ്ഞത്. സ്കൂൾ ദിവസമായിട്ടും പോകാതെ ബോട്ടിൽ കയറിയതെന്തേ എന്ന ചോദ്യത്തിന് വെറുതെയെന്ന് മറുപടി. പ്രസ്ക്ലബ് പ്രസിഡന്റ് കമാൽ വരദൂർ അവനോട് കാര്യങ്ങൾ തിരക്കി. പിതാവിന് മീൻപിടിത്തം. ഇളയവരിൽ ഒന്നനുജത്തി. അമ്മയ്ക്ക് വീട്ടുപണി. ബോട്ടിൽ വെള്ളം കോരിയൊഴിക്കാനും കയറ് വലിച്ചുകെട്ടാനും മറ്റും നിൽക്കുന്നു. കൂലി വല്ലതും കിട്ടുമോ എന്നാരാഞ്ഞപ്പോൾ ഇല്ല എന്ന് മറുപടി. ഭക്ഷണം കിട്ടും. ടൂറിസ്റ്റുകൾ ബോട്ടിൽ പോകുമ്പോൾ അവർക്കുള്ള ഭക്ഷണത്തിന്റെ പങ്കാണ് ഗുലാം അലിയുടെ പ്രലോഭനം.

സുന്ദർബനിൽ നിന്ന് തിരിച്ചു വരുമ്പോൾ കമാലിന്റെ നേതൃത്വത്തിൽ അംഗങ്ങളിൽ നിന്നൊരു ചെറിയ പിരിവ്. അത് അവന്റെ പോക്കറ്റിൽ വെച്ച് നന്നായി പഠിക്കണമെന്നൊക്കെ പറഞ്ഞപ്പോൾ അവിശ്വസനീയമായി അവന്റെ ഭാവപ്പകർച്ച. കണ്ണിൽ നക്ഷത്രത്തിളക്കം. യാത്ര തീർന്നിട്ടും അവന്റെ മുഖം എല്ലാരിലും നൊമ്പരമുണർത്തിക്കിടക്കുന്നു.

ഇനി ഇതിന്റെ ഫലശ്രുതി കൂടി. ബോട്ട് കരയോടടുക്കുമ്പോൾ കമാൽ വരദൂരിന്റെ ഒരു പ്രഖ്യാപനം. ബംഗളൂരുവിലെ കെഎംസിസി ഗുലാം അലിയുടെ പഠനച്ചെലവ് ഉൾപ്പെടെയുള്ളവ എറ്റെടുക്കാൻ തീരുമാനിച്ചിരിക്കുന്നു. പറഞ്ഞറിയിക്കാനാവാത്ത സന്തോഷമാണ് എല്ലാവർക്കുമുണ്ടായത്. ദൈവം കൈയൊപ്പിട്ടു കൊടുത്ത സ്വഭാവ വൈശിഷ്ട്യം കോഴിക്കോട് പ്രസ് ക്ലബ് പ്രസിഡന്റിനുണ്ടെന്ന് അനുഭവിച്ചറിഞ്ഞു. ഈ യാത്രയുടെ ഏറ്റവും സഫലമായ ഒരവസ്ഥയായി എന്നെന്നും അത് നില നിൽക്കും. ദൈവം എത്ര കരുണാമയൻ.

ഈയിടെ അന്തരിച്ച ജന്മഭൂമി മുൻ ലേഖകൻ **ഗിരീഷ് മുള്ളങ്കണ്ടി**യെ ജന്മഭൂമി സീനിയർ ഫോട്ടോഗ്രാഫർ **എം.ആർ. ദിനേശ്കുമാർ** അനുസ്മരിക്കുന്നു.

# ഗിരീഷ്

## യാത്ര തുടരുകയാണ്

ഗിരീഷ് ഇനി ഓർമകളിൽ. ആകസ്മികമായ മരണം ഗിരീഷിനെ നമ്മളിൽനിന്നും മാറ്റിനിർത്തിയെങ്കിലും അദ്ദേഹം പ്രസരിപ്പിച്ച ഊർജ്ജം എന്നും മായാതെ നിൽക്കും. കാലികമായിട്ടുള്ള ഏതെങ്കിലും വിഷയത്തെക്കുറിച്ച് സംവദിച്ചുകൊണ്ടായിരിക്കും എപ്പോഴും ഗിരീഷ് നമുക്കിടയിലേക്ക് കടന്നുവന്നിരുന്നത്. വളരെ വർഷങ്ങൾക്ക് മുമ്പ് പത്രപ്രവർത്തകനായിരുന്ന ഗിരീഷിന് ജീവിതവഴിയിൽ പുതിയ ലാവണമായി കെഎസ്സ്ഇബിയിൽ ഉദ്യോഗസ്ഥനാകേണ്ടി വന്നു. എങ്കിലും ഗിരീഷിലെ പത്രപ്രവർത്തകന് അതൊരു തടസ്സമായിരുന്നില്ല. കോഴിക്കോടിന്റെ സാംസ്കാരിക സായാഹ്നങ്ങളിലും ഗസൽ സന്ധ്യകളിലും ഫുട്ബോൾ മത്സര ഗ്രൗണ്ടുകളിലും ആസ്വാദകനും പത്രക്കാരനുമായി ഗിരീഷ് ജീവിച്ചു. നഗരത്തിലെ ഏതൊരു സംഭവവും ആദ്യം അറിയുന്ന വളരെ ചുരുക്കം ചിലരിൽ ഗിരീഷുമുണ്ടായിരുന്നു. അത് പത്രപ്രവർത്തക സുഹൃത്തുക്കൾക്ക് കൈമാറി. നാലു വർഷത്തെ പത്രപ്രവർത്തനം മാത്രമേ ഉണ്ടായിരുന്നുള്ളൂവെങ്കിലും നാല് പതിറ്റാണ്ടിന്റെ അനുഭവസമ്പത്തുള്ള മികച്ച പത്രപ്രവർത്തകനായി അദ്ദേഹം തുടർന്നു.

യാത്രകളെ ഏറെ സ്നേഹിച്ച ആളായിരുന്നു ഗിരീഷ്. വള്ളുവനാടിന്റെയും വയനാടിന്റെയും ഗ്രാമസൗന്ദര്യമാസ്വദിക്കാനുള്ള യാത്രയായിരുന്നില്ല അത്. കേരളത്തിന്റെ സാംസ്കാരിക ഈടുവെപ്പുകളിൽ ആദരമർപ്പിക്കാനുള്ള ആഗ്രഹമായിരുന്നു ആ യാത്രയ്ക്കു പിന്നിൽ. പലരോടൊന്നിച്ച് യാത്രചെയ്തിട്ടുണ്ടെങ്കിലും ഗിരീഷുമൊത്തുള്ള യാത്രയുടെ ലഹരി ഇപ്പോഴും വേറിട്ടു നിൽക്കുന്നു.



എം.ആർ. ദിനേശ്കുമാറും ഗിരീഷ് മുള്ളങ്കണ്ടിയും (ഫയൽ ഫോട്ടോ)

പി. കുഞ്ഞിരാമൻനായർ സഞ്ചരിച്ചിട്ടുള്ള വഴികളിലൂടെ ഒരു യാത്രായാകാമെന്ന ഗിരീഷിന്റെ ആഗ്രഹത്തോട് യോജിച്ചുകൊണ്ട് ഞങ്ങൾ -സുന്ദർരാജ്, ശ്രീനാഥ്, ബാലകൃഷ്ണൻ ഒപ്പം കൂടുകയായിരുന്നു. യാത്രയിലുടനീളം കവിയുടെ കാൽപ്പാടുകൾ ഉച്ചത്തിൽ വായിച്ചുകൊണ്ടായിരുന്നു ഗിരീഷ് യാത്രയെ ജീവസ്സുറ്റതാക്കിയത്. പിന്നിടുന്ന ഓരോ വഴികളുടെയും പ്രാധാന്യം, സാംസ്കാരികമൂല്യം നിർത്താതെ ഗിരീഷ് പറഞ്ഞുകൊണ്ടിരുന്നു. ഇടയ്ക്ക് പി യുടെ കവിതകളിലേക്ക്, മറ്റൊരിക്കൽ വള്ളുവനാടിന്റെ കാർഷിക സംസ്കാരത്തെക്കുറിച്ച് ഗിരീഷ് പറഞ്ഞുകൊണ്ടിരുന്നു. പട്ടാമ്പിയിലെ പുരാതനമായ ക്ഷേത്രവും പരിസരവും ചുറ്റിക്കാണുമ്പോൾ ആ ചർച്ച ക്ഷേത്രശില്പ കലയിലേക്കും ആർക്കിയോളജി വകുപ്പിലേക്കും നീണ്ടു. പിന്നീട് തിരുവില്വാമലയിലേക്ക്..... പുനർജ്ജനിയിലേക്ക്..... പുനർജ്ജനിക്കടുത്ത് മണ്ണ് ചവിട്ടി നിൽക്കുമ്പോൾ ഗിരീഷിലെ നിഷ്ക്കളങ്കനായ കുട്ടി ഉണർന്നു. ഇരുകൈകളും ആകാശത്തേക്കുയർത്തി ഇതാ ഞങ്ങളെത്തിയെന്ന് ഗിരീഷ് ആരോടൊ എന്ന പോലെ ഉറക്കെ വിളിച്ചു പറഞ്ഞു. കുഞ്ചൻനമ്പ്യാരുടെ കലക്കത്ത് ഭവനത്തിലും നാറാണത്തുഭ്രാന്തന്റെ നാട്ടിലൂടെയും ഞങ്ങൾ യാത്ര തുടർന്നു. ഒരിക്കൽപ്പോലും യാത്രയുടെ രസച്ചരടു മുറിയാതെ ഗിരീഷ് പലതും പറഞ്ഞുകൊണ്ടിരുന്നു. ആ യാത്രകളിൽ എടുത്ത നിരവധി ചിത്രങ്ങളിൽ ഏതാണ്ട് എല്ലാ ഫ്രെയിമുകളിലും ഗിരീഷ് തിരിഞ്ഞുനിൽക്കുന്നതോ തിരിഞ്ഞു നടക്കുന്നതോ ആയ ദൃശ്യങ്ങളാണ് ഉണ്ടായിരുന്നത്. ഇന്ന് അത് കാണുമ്പോൾ അതിന് പല അർത്ഥങ്ങളും തോന്നുകയാണ്.

കൈയിലൊരു പുസ്തകമോ, പത്രമോ, വാരികയോ ഇല്ലാതെ ഗിരീഷിനെ കാണാൻ കഴിയില്ല. പരിചയപ്പെടുന്ന ഓരോരുത്തരിലും മുറിച്ചുമാറ്റാനാവാത്ത സുഹൃദ്ബന്ധം വളർത്തിയെടുക്കാൻ ഗിരീഷിന് കഴിഞ്ഞു. സാംസ്കാരിക നായകന്മാർ മുതൽ ഒ.വി. വിജയന്റെ കഥയിലെ കഥാപാത്രമായ നഗരത്തിലെ ബാർബർ തൊഴിലാളി വരെ ആ സൗഹൃദത്തിന്റെ കണ്ണികളിൽ ഉണ്ടായിരുന്നു. ഗിരീഷിന് അസുഖമാണെന്നറിയുന്നത് വളരെ വൈകിയാണ്. ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്യുമ്പോൾ കാറിലേക്ക് കയറാൻ ഏറെ പണിപ്പെടുകയായിരുന്നു ഗിരീഷ്. അന്ന് കൈനീട്ടി ഗിരീഷിനെ നെഞ്ചോട് ചേർത്ത് കാറിൽ കയറ്റുമ്പോൾ അനുഭവപ്പെട്ട ചൂട് ഇപ്പോഴും മനസ്സിൽ നനവായി നിൽക്കുന്നു.

# ആർട്ടിസ്റ്റ് നമ്പൂതിരിക്ക് 90



"പാശ്ചാത്യ രാജ്യങ്ങളിലെ പ്രശസ്തരായ രേഖാചിത്രകാരന്മാരുമായി തുലനം ചെയ്താലും നമ്പൂതിരി ജയിച്ചു നില്ക്കും. എന്റെ മനസ്സിൽ തെളിയുന്നത് മത്തീസ്, ബെൻഷാൻ, ടൊപ്പോൾസ്കി, തർബർ, റൊണാൾഡ് സിർലി എന്നിവരുടെ ചിത്രങ്ങളാണ്. അവരുടെ ചിത്രങ്ങളോടു കിടപിടിക്കാവുന്നവയും ചില അംശങ്ങളിൽ അവയെ അതിശയിക്കുന്നവയുമാണ് നമ്പൂതിരിയുടെ രചനകൾ."

–എം.വി.ദേവൻ

# നമ്പൂതിരിയും വരയും

■ ജി. പ്രഭ

സദാ പുതുക്കപ്പെടുന്നതാണ് കല. കല ഏതായാലും അതിന്റെ ജീവൻ ഈ നവീകരണ യജ്ഞം തന്നെയാണ്. എഴുത്തും വരയും വായനയുമെല്ലാം ഈയൊരു യജ്ഞപ്രക്രിയയിലൂടെ പുതുപുത്തൻ അഭിരുചികൾ സ്വന്തമാക്കി അനുവാചകർക്കിടയിൽ അഭിരമിച്ചുകൊണ്ടേയിരിക്കുന്നു.

കലാത്മകതയുടെ കാര്യത്തിൽ ശാസ്ത്രത്തിനുപോലും ഈ പുതുക്കപ്പെടലാണ് ജീവാത്മാവ്. ഇത് സ്വാഭാവികമാണ്. സദാ തുടർന്നുകൊണ്ടേയിരിക്കും. കാരണം മനുഷ്യജീവിതം തന്നെ നിലനിന്നു പോരുന്നത് മാറ്റത്തിലൂടെ സംഭവിക്കുന്ന നവഭാവുകത്വങ്ങളുടെ ജീവിതാവിഷ്കരണത്തിലൂടെയാണ്. അതുകൊണ്ട് അതിൽ വേരൂന്നി ഉണ്ടാകുന്ന കലാത്മകതയുടെ പുത്തനുണർവുകൾക്ക് ജീവിതത്തിന്റെ സ്വാഭാവികത തുടർച്ചയായി തുടർന്നുകൊണ്ടേയിരിക്കും. ഈ തുടർച്ചയിൽ അനവാചകനെ പിടിച്ചുനിറുത്തുന്ന അഥവാ പിടിച്ചുലയ്ക്കുന്ന പുതുപുത്തൻ ആവിഷ്കാരങ്ങളുടെ അനുഭവതലങ്ങൾ സ്വയം വന്നുചേരും. നൈസർഗികമാണത്. ഇത്തരത്തിൽ കഴിഞ്ഞ ഏഴെട്ടു ദശകങ്ങളായി നമ്മുടെ രസവാസനകളെ നിറം ചേർക്കാത്ത വെറും കറുത്ത രേഖകളിലൂടെ വിസ്മയിപ്പിച്ചുകൊണ്ടിരിക്കുന്ന വരയുടെ പെരുന്തച്ചനാണ് കരുവാട്ടു മനയിലെ വാസുദേവൻ നമ്പൂതിരി എന്ന ആർട്ടിസ്റ്റ് നമ്പൂതിരി.

ഇന്ന് കേരളീയർക്ക് നമ്പൂതിരി എന്നത് ഒരു സമുദായപ്പേരല്ല. രേഖാചിത്രത്തിലെ 'നമ്പൂതിരിപ്രസ്ഥാന'മായ നമ്പൂതിരി എന്ന വ്യക്തിയാണ്. അത്രത്തോളം അർത്ഥഗരിമ അദ്ദേഹത്തിന്റെ ജീവിതത്തിന് വന്നപെട്ടു; സ്വന്തം കലാജീവിതത്തിലൂടെ.

കലാലോകത്ത് നമ്പൂതിരി എന്ന കയ്യൊപ്പ് പ്രസ്ഥാനമായി പരിണമിച്ചത് ഇന്നോ ഇന്നലെയോ അല്ല. ദശകങ്ങളുടെ പഴക്കമുണ്ടതിന്. ആ കയ്യൊപ്പിലൂടെ അദ്ദേഹം പണിപ്പെട്ടു പുതുക്കിയെടുത്തത് കലാസ്വാദനത്തിന്റെ അദൃശ്യമാനങ്ങളെയായിരുന്നു. അതും പണ്ഡിതപാമര ഭേദമില്ലാതെ.

മലയാളികൾക്കിടയിൽ മാത്രമല്ല, ഭാഷാഭേദം കൂടാതെ തന്നെ കാഴ്ചയുടെ ആസ്വാദനത്തിന് അദ്ദേഹം പുതിയ സംഗീതം നൽകി. കാഴ്ചയുടെ വായനയിൽ വാചാലമായ മൗനസംഗീതമൊരുക്കിയ വരയുടെ ഈ വരിഷ്ഠ വ്യാസൻ നവതിയുടെ വാർദ്ധക്യത്തിലും വരയുടെ യൗവ്വനത്തിൽ അഭിരമിക്കുന്നത് ലോകത്തിന് കിട്ടുന്ന മഹാപുണ്യം.

എഴുത്തിനും വായനയ്ക്കുമൊപ്പം വരയുടെ സർഗാത്മകതയെ ഇത്രത്തോളം ആഘോഷമാക്കിമാറ്റിയ മറ്റൊരു ചിത്രകാരൻ നമുക്കില്ല. ചിത്രരേഖയെന്ന കലയ്ക്ക് വൈകാരികമായ ഒരു ജനകീയത സമ്മാനിക്കാൻ നമ്പൂതിരിയുടെ വരകൾ എത്രകണ്ട് ഉപകരിച്ചുവെന്നത് കലാചരിത്ര രേഖയായി അടയാളപ്പെട്ടിരിക്കുന്നു. ധാരാളിത്തമല്ല; മിതത്വമാർന്ന ഔചിത്യത്തിന്റെ നൈസർഗികതയാണ് നമ്പൂതിരിയുടെ കറുത്ത വരകളുടെ നിറക്കൂട്ട്. കണ്ണിന്റെ വായനയെ ഭ്രമിപ്പിക്കുന്നതല്ല നമ്പൂതിരിയുടെ വരകൾ. ആസ്വാദകമനസ്സിന്റെ അകക്കണ്ണിൽ നിതാന്ത സൗന്ദര്യത്തിന്റെ ആത്മീയത വർഷിക്കുകയാണ് നമ്പൂതിരിയുടെ കറുത്തരേഖകൾ. അദ്ദേഹത്തിന്റെ വർത്തുളവും അവർത്തുളവുമായ ചെറുരേഖകൾ ധ്വനിപ്പിക്കുന്ന അർത്ഥമെന്നത് രേഖീയ ക്രമങ്ങൾ തീർക്കുന്ന സംഗീതത്തിൽ നിന്ന് ഉണരുന്ന അനാത്മീയാനുഭൂതിയും കൂടിയാണ്. ആസ്വാദനത്തിന്റെ സാധാരണീകരണത്തിന് അത് നിമിത്തമായിത്തീരുകയും ചെയ്യുന്നു.

ജഡമായ വസ്തുചിത്രണത്തെ ചിത്രകല എന്ന നിലയിൽ വിലയിരുത്തപ്പെട്ടിരുന്നിടത്താണ്; ചിത്രകലയെ മൗലികമായ സർഗാത്മകതയായി വെളിപ്പെടുത്താൻ രേഖാചിത്രങ്ങളിലൂടെ നമ്പൂതിരി ശ്രമിച്ചത്. ഈ സർഗാത്മക പ്രയത്നത്തിന് ഇന്ന് ലഭിച്ചിട്ടുള്ള അംഗീകാരം തന്നെയാണ് നമ്പൂതിരിയുടെ ജീവിതത്തിന്റെ ഫലശ്രുതിയും. ദ്രാവിഡമായ സമകാലികതയെ ആധുനികമായ സമകാലികതയുമായി ബന്ധപ്പെടുത്തിയിട്ടുള്ള നമ്പൂതിരിയുടെ വരയുടെ ചിന്തയിൽ സാംസ്കാരിക സമന്വയത്തിന്റെ ഏകീഭാവം സംഭവിക്കുന്നു. മഹാഭാരത കഥാപാത്രങ്ങളെ എന്നപോലെ ദ്രാവിഡദേശസംസ്കൃതിയെ പുനർനിർമിക്കുമ്പോഴും നമ്പൂതിരിയുടെ രേഖകൾ സ്വീകരിക്കുന്ന ധ്വനീരീതികളുടെ ഔചിത്യത്തിൽ ഈ സമന്വയപ്രഭാവം കാണാനാവും.

സ്വന്തം കാലദേശങ്ങളിലൂന്നിക്കൊണ്ടുള്ള നമ്പൂതിരിയുടെ വരകൾ കാഴ്ചയുടെ വായനയിൽ അവയെ അതിക്രമിച്ചു സ്വതന്ത്രമാക്കുന്നു. ഒപ്പം അനുവാചകരുടെ അഭിരുചികളെ സ്വയം സ്വതന്ത്രമാക്കുകയും ചെയ്യുന്നു. ഈ അവസരങ്ങളിലാണ് എഴുത്തിനുവേണ്ടി നമ്പൂതിരി വരച്ച വരകളിലൂടെ എഴുത്തുകാർക്ക് ജീവിക്കേണ്ടി വരുന്നത്. എഴുത്തിനേക്കാളും അതിന് അലങ്കാരമായി വരച്ച വരകൾ മികച്ചതാവുന്നിടത്ത് നടന്ന മത്സരം സർഗാത്മകതകൾ തമ്മിലായിരുന്നു. നിശബ്ദമായ ഇത്തരം മത്സരങ്ങളിലൂടെ സമ്പന്നമായത് എഴുത്തും വരയുമാണ്. അതിന് മുഖ്യനായകത്വം വഹിച്ചത് നമ്പൂതിരിയും.

നമ്പൂതിരിയുടെ കാലഘട്ടത്തിൽ തന്നെ വരയിൽ സജീവമായിരുന്ന എം.വി.ദേവൻ, എഎസ് തുടങ്ങിയ രേഖാചിത്രകാരന്മാരിൽ നിന്ന് നമ്പൂതിരി സൂക്ഷിച്ച മൗലികമായ അകലം ഋജുവായ സുതാര്യതയായിരുന്നു. വരകളിലെ ലാളിത്യമായിരുന്നു. നിഴലും വെളിച്ചവും ഒന്നും കൂടാതെയുള്ള വരകളുടെ നഗ്നസൗന്ദര്യം തീർത്ത രൂപപരമായ താളമായിരുന്നു.

ദാർശനിക ഭാരമില്ലാത്ത സൗന്ദര്യത്തിന്റെ അലൗകികതയായിരുന്നു. വരേണ്യനും 'അവരേണ്യ'നായ കീഴാളരുമൊക്കെ ഒരേരീതിയിൽ നമ്പൂതിരിയുടെ വരകളിലൂടെ ജാത്യന്യമായ സൗന്ദര്യത്തിന് വിധേയരായി. നമ്പൂതിരിയുടെ വരയിലെ സ്വാഭാവികമായ സ്വഭാവഘടന ഓരോ കഥാപാത്രങ്ങൾക്കും സമ്മാനിക്കുന്നത് അവരവരുടേതായ മൗലികതതന്നെയാണ്. ഇവിടെ ശൈലീകൃതമെന്ന ആക്ഷേപത്തിന് സാംഗത്യമില്ല. 'ശൈലീകൃത'മെന്ന തോന്നലിന് കാരണം നമ്പൂതിരി ചിത്രങ്ങളിൽ സൂക്ഷമമായി സന്നിവേശിപ്പിച്ചിട്ടുള്ള മൗലികമായ സ്വഭാവഘടനയുടെ രേഖീയതലങ്ങളെ കാണാനാവാത്തതാണ്. കഥാപാത്രങ്ങളുടെ കണ്ണും കൈയും ആഹാര്യസാത്വികാദി ഭാവങ്ങളുമൊക്കെ ശൈലീകൃതമല്ലാത്ത ശൈലീസൗന്ദര്യത്തെയാണ് അഭിവ്യഞ്ജിപ്പിക്കുന്നത്. വികെഎൻ, ബഷീർ, എംടി തുടങ്ങിയവരുടെ രചനകളിൽ ഉണർന്നിരിക്കുന്ന നമ്പൂതിരിയുടെ വരയുടെ മനസ്സ് അമൂർത്തമായ സ്വഭാവവൈശിഷ്ട്യങ്ങളെ രൂപപരമായ വരകളിലേക്ക് ആവാഹിക്കുന്നതിൽ എത്രത്തോളം ധ്യാനമഗ്നമായിരുന്നുവെന്ന് വെളിപ്പെടുത്തുന്നു.

സ്ത്രീസൗന്ദര്യത്തെക്കുറിച്ചുള്ള നമ്പൂതിരിയുടെ നവീന സങ്കൽപനം വിമർശനങ്ങൾക്ക് വിധേയമായിട്ടുമുണ്ട്. കലയും നഗ്നതയും തമ്മിലുള്ള ലാവണ്യപരമായ സ്വരച്ചേർച്ചയെക്കുറിച്ചുള്ള വ്യക്തിഗത സമീപനങ്ങളാണ് അതിലേക്ക് വഴിവച്ചത്. കലയുടെ ദൈവീകതയിൽ ഏറ്റവും സൗന്ദര്യമിയന്ന സ്ത്രീശരീരത്തെ ലാവണ്യാത്മകമായി കാണുന്നതിന് പകരം ലൈംഗികഭോഗവസ്തുവായി വിലയിരുത്തിയിടത്തായിരുന്നു നമ്പൂതിരിക്ക് പഴികേൾക്കേണ്ടി വന്നത്. ഇതുവഴി ചിത്രകലയിലെ സ്ത്രൈണ സൗന്ദര്യത്തെക്കുറിച്ചും 'സദാചാരകലാ' ചിന്തകളിലെ ഇരുൾ അൽപമെങ്കിലും മാറുകയും ചെയ്തു.

ദൈവസങ്കൽപത്തെ സൗന്ദര്യബോധത്തിന്റെ ഭാഗവും കാൽപനികതയുമായി വിലയിരുത്തുന്ന നമ്പൂതിരി തന്റെ വരയിലൂടെ ആ സങ്കൽപത്തെ സാക്ഷാത്കരിക്കുകയാണ് ചെയ്യുന്നത്. അമൂർത്തമായ ചൈതന്യത്തെ ദൈവമായി കാണുന്ന നമ്പൂതിരി വരകളിലൂടെ സൃഷ്ടിക്കുന്ന സൃഷ്ടിചൈതന്യവും മറ്റൊന്നാകാനിടയില്ലല്ലോ.

ഇന്നും വരയുടെ വരിഷ്ഠജീവിതത്തിൽ കർമനിരതമാണ് നമ്പൂതിരി. മലയാളത്തിന്റെ വാക്കിലും വരയിലൂടെയും ചിത്രലോകത്തിന് ലഭിച്ച വരയുടെ മഹാപുണ്യം. കറുത്ത വരകളിലൂടെ പ്രകൃതിയേയും മനുഷ്യജീവിതത്തേയും കാല–ദേശാന്തര ഭേദങ്ങളേതുമില്ലാതെ സാംസ്കാരികമായി കൂട്ടിയിണക്കിയ സാരസ്വതാത്മാവ്. തൊണ്ണൂറാം പിറന്നാളിന്റെ ആഘോഷവേളയിലും കർമണ്യതയുടെ യൗവനപ്രസരിപ്പിലാണ് അദ്ദേഹം. അദ്ദേഹത്തിലൂടെ ഇനിയുമിനിയും കലാലോകം വിസ്മയപ്പെട്ടുകൊണ്ടേയിരിക്കും. നമ്പൂതിരിക്ക് കിട്ടിയ ദൈവത്തിന്റെ വിരലുകളിൽ നിന്ന് സദാവരകളുടെ സംഗീതം ഉണർന്നുകൊണ്ടേയിരിക്കും. ആ സാത്വികാത്മന് ആയുരാരോഗ്യത്തിന്റെ നവതിപ്രണാമങ്ങൾ.



വര: ഗിരീഷ് മൂഴിപ്പാടം

# വരികൾക്കു ലഭിച്ച വരം

■ പാലേലി മോഹൻ

മലയാളത്തിന് മായാത്ത മുദ്രകൾ ചാർത്തിയ എണ്ണമറ്റ പ്രതിഭകൾ നമുക്കുചുറ്റുമുണ്ട്. ഈശ്വരീയ വരദാനത്തിലൂടെ അവരെല്ലാം എന്നും സ്മരിക്കപ്പെടും. പ്രതിഭാവിലാസത്താൽ തെളിഞ്ഞ അവർ മറ്റൊന്നും ചിന്തിക്കാതെയെത്തിച്ചതെല്ലാം നമുക്ക് അഭിമാനിക്കാൻ തക്കവണ്ണം സമ്മാനിച്ചാണ് അരങ്ങൊഴിഞ്ഞത്. കരുത്തിന്റെ തീവ്രതയിൽ തെളിയിച്ച ആ തിരിനാളത്തിന്റെ ശോഭയാൽ നമ്മെ ലോകം തിരിച്ചറിയുകയാണ്. അതൊന്നും മനസ്സിലാക്കുവാൻ നമുക്ക് പറ്റുന്നില്ല. സൂര്യതേജസുപോലെ ഋഷിതുല്യനായ ഒരു മഹാൻ ഈ ഭൂമുഖത്ത് ഇന്നുമുണ്ട്. അദ്ദേഹം വരഞ്ഞുതീർത്ത രേഖകൾ നമുക്ക് തരുന്ന ആനന്ദത്തെ എത്രപറഞ്ഞാലാണ് മതിവരിക.

നമ്പൂതിരി എന്ന പേരിൽ മാത്രം അറിയപ്പെടുന്ന രേഖാചിത്രകാരൻ വാസുദേവൻ നമ്പൂതിരിയ്ക്ക് നവതി. തൊണ്ണൂറ് വർഷം മുമ്പ് പൊന്നാനിയിൽ പിറന്ന അദ്ദേഹം ഇന്നും കർമനിരതനാണ്. എല്ലായിടത്തും ചെന്ന് ബ്രഷും ചായവുമായി അത്ഭുതം തീർക്കുകയാണ്. ഓരോരോ വേദികളിൽ അതെല്ലാം വീക്ഷിക്കാൻ ആയിരങ്ങൾ കാണും. നമ്പൂതിരിക്കൊരു പകരക്കാരനെ ഇതുവരെ നമുക്കറിയില്ല. ബ്രഷും ചായവും ചേർത്തുള്ള അദ്ദേഹത്തിന്റെ സൃഷ്ടികളല്ല നമുക്ക് മുന്നിൽ നിറഞ്ഞുനിൽക്കുന്നത്. രേഖയാൽ തെളിയിച്ച മലയാളത്തിന്റെ മുദ്രകളാണ് വരികളിൽ കണ്ടുവരുന്നത്.

കൊച്ചുകുട്ടികൾക്കുവരെ അറിയാം നമ്പൂതിരിയുടെ തുല്യം ചാർത്തിയ ചിത്രങ്ങൾ. വരികളെ വരകളാക്കി തീർത്തതും അതെല്ലാം മറക്കാനാവാത്ത കഥാപാത്രമാക്കി മാറ്റി ഹൃദയത്തിൽ പ്രതിഷ്ഠിച്ചിരിക്കുകയാണ് അദ്ദേഹം. നിരവധി എഴുത്തുകാർ മലയാളത്തിൽ രചിച്ച കഥകളെ വരഞ്ഞ് കാണിച്ചത് മറ്റൊരാളല്ല. മാതൃഭൂമി, മലയാളം, കലാകൗമുദി എന്നീ ആഴ്ചപതിപ്പികളിലൂടെ എത്ര കഥാപാത്രങ്ങൾ തെളിഞ്ഞുവന്നു. ഒരുപക്ഷേ, കഥവായിച്ചുതീരും മുമ്പുതന്നെ ആ കഥാപാത്രങ്ങൾ നമുക്ക് ആ കഥ പറഞ്ഞുതന്നിട്ടുണ്ടാകും. ഋഷിതുല്യൻ എന്നല്ലാതെ അദ്ദേഹത്തെ എന്താണ് വിളിക്കേണ്ടത്.

ആത്മകഥയായി ഭാഷാപോഷിണിയിൽ വരയും വരികളുമായി നൂറ്റാണ്ടിന്റെ ചരിത്രം തെളിയിച്ചതും മറ്റാരുമല്ല. അതിന്റെ സൗന്ദര്യം വർണിച്ചാൽ തീരില്ല. താൻ എഴുതിത്തീർത്ത കഥാപാത്രങ്ങളെ നമ്പൂതിരിയുടെ തുല്യം ചാർത്തിയ രേഖയിലൂടെ കാണാൻ കൊതിച്ചവരുണ്ട്.

ഈശ്വരന്മാരും തനി നാട്ടിൻപുറത്തുകാരും കാലപ്പഴക്കം നിർണയിക്കാനാവാത്ത പ്രകൃതിയും കെട്ടിടങ്ങളും പലേ പ്രായത്തിലുള്ള സ്ത്രീകളും തുടങ്ങി ജാതീയതയെ അടയാളപ്പെടുത്തിയ മറക്കാനാവാത്ത രൂപങ്ങളെ കൊത്തിവച്ചു വാസുദേവൻ നമ്പൂതിരി.

പലേതരക്കാർക്കുമുന്നിലും ദിവസങ്ങളോളം കൂടിച്ചേർന്നിട്ടും ഒരു പിടിയിലും വീഴാതെ കഴിഞ്ഞുകൂടിയത് പഠിക്കേണ്ട, അനുകരിക്കേണ്ട ഒന്നുതന്നെയാണ്. മനസിൽ എന്നും സൂക്ഷിക്കുന്നത് മലയാളിത്തനിമയാണ്. മനുഷ്യരൂപത്തിന് ഒരു നൂറ്റാണ്ടിൽ വന്ന വ്യതിയാനം കണ്ടറിയണമെങ്കിൽ അദ്ദേഹത്തിന്റെ രചനകൾ പരതിയാൽ മതിയാകും. കാലങ്ങളായി വന്ന വേഷഭൂഷാദികൾ, കെട്ടിടത്തിന്റെ വൈവിധ്യങ്ങൾ തുടങ്ങിയവ അതിൽ തെളിഞ്ഞുകാണാം. സർവതും അദ്ദേഹത്തിന്റെ കണ്ണുകളിൽ ഒപ്പിയെടുത്ത് നമ്മുടെ മനസിലേക്ക് മായാമുദ്രയായി തീർത്തുതന്നതും വേറാരുമല്ല.

രവിവർമയ്ക്കുശേഷം കൈരളിക്കു കിട്ടിയ ഈ പ്രതിഭ മലയാളക്കര വിളങ്ങി നിൽക്കുന്ന കാലം വരെ തെളിഞ്ഞു നിൽക്കും. നവതിയുടെ നിറഞ്ഞ ചിരിയുമായി നവനീതനായി നമ്പൂതിരിയെന്ന ചിത്രകാരന്റെ സാധന തുടരുകയാണ്. പരിചയക്കാരും അല്ലാത്തവരുമായി തന്നെ കാണാനെത്തുന്നവരുടെ ചിന്തകളെ അദ്ദേഹം ധന്യമാക്കുകയും ചെയ്യുന്നു.





## വെർജിൻ ലെറ്റർ

കേരള സംഗീത നാടക അക്കാദമി അവാർഡ് ജേതാവ് ഗൗരി പി. കൃഷ്ണൻ കേന്ദ്രകഥാപാത്രത്തെ അവതരിപ്പിക്കുന്ന ഹ്രസ്വചിത്രം വെർജിൻ ലെറ്റർ നിസഹായയായ ഒരു പെൺകുട്ടിയുടെ കഥപറയുന്നു. അമ്മയെ നഷ്ടപ്പെട്ട എട്ടുവയസുകാരിക്ക് വീട്ടിലും സ്കൂളിലും അച്ഛൻ കാരണം നേരിടുന്ന പ്രശ്നങ്ങളാണ് ഈ ഹ്രസ്വചിത്രത്തിന്റെ പ്രമേയം. സഹായത്തിന് ബന്ധുക്കളോ മറ്റാരുംതന്നെയില്ലാത്ത പെൺകുട്ടി ഒടുവിൽ പ്രശ്നങ്ങൾക്കെല്ലാം സ്വയം പരിഹാരം കണ്ടെത്തുന്നു. സുധാസാഗറാണ് വെർജിൻ ലെറ്റർ സംവിധാനം ചെയ്യുന്നത്. ചലച്ചിത്രതാരം രാജേഷ് ഹെബ്ബാർ കുട്ടിയുടെ പിതാവായി എത്തുന്നുവെന്നതും ഈ ഹ്രസ്വചിത്രത്തിന്റെ പ്രത്യേകതയാണ്. മാസ്റ്റർ അൻസൽ, ചന്ദ്രിക അനവൂർ, വിനോദ് എന്നിവരാണ് മറ്റുതാരങ്ങൾ. ന്യൂഹൗസ് മോഷൻ പിക്ചേഴ്സ് അവതരിപ്പിക്കുന്ന വെർജിൻ ലെറ്ററിന്റെ തിരക്കഥ രചിച്ചിരിക്കുന്നത് അബ്ദുൽ നസീർ സെയിൻ. ഷെറിൻ, നിഖിൽ എന്നിവരാണ് സഹസംവിധായകർ. അസോസിയേറ്റ് ഡയറക്ടർ സൗമ്യ എം. നായർ, സംഗീതം: അരുൺ രാജ്. എഡിറ്റിങ്: പ്രേം.

## ഫസ്റ്റ് ബ്രെയിൻ

ന്യൂജനറേഷൻ ഫോണുകൾ യുവജനതയിൽ ചെലുത്തിയ സ്വാധീനവും അമിത ഉപയോഗത്താൽ അനിയന്ത്രിതമായ മനസ്സും തുടർന്നുണ്ടാകുന്ന മാനസിക വിഭ്രാന്തിയും, ഐടി പ്രൊഫഷണൽസിന്റെ കാഴ്ചപ്പാടിൽ ചിത്രീകരിക്കുന്ന ഹ്രസ്വചിത്രമാണ് ഫസ്റ്റ് ബ്രെയിൻ. വൈബ്രന്റ് പിക്ചേഴ്സിനുവേണ്ടി കൃഷ്ണകുമാർ, വിഷ്ണു ആദിച്ചനല്ലൂർ, അഭിലാഷ് പതാരം, വിപിൻ ആനന്ദ് എന്നിവർ ചേർന്നാണ് ഈ ചിത്രം നിർമിക്കുന്നത്. വിപിൻ ആനന്ദാണ് ഫസ്റ്റ് ബ്രെയിൻ തിരക്കഥ രചിച്ച് സംവിധാനം ചെയ്തിരിക്കുന്നത്. ക്യാമറ പ്രകാശ്, എഡിറ്റിംഗ് അമൽ. ചവറ പാറുക്കുട്ടി, അഖിൽ മണപ്പള്ളി, അനിൽ കൃഷ്ണപുരം, അഭിലാഷ്, അമൽ, ഗ്രീഷ്മ, വിഷ്ണു മണപ്പള്ളി, ഗഗാറിൻ, പ്രിൻസ് കുഞ്ചവന തുടങ്ങിയവരാണ് അഭിനേതാക്കൾ.

## ഇതിനുമപ്പുറം പ്രദർശനത്തിന്

മീരാ ജാസ്മിൻ നായികയായെത്തുന്ന ഇതിനുമപ്പുറം ഈ മാസം 18 ന് തിയേറ്ററിലെത്തും. മനോജ് ആലുങ്കലാണ് ചിത്രത്തിന്റെ സംവിധായകൻ. കഷ്ടതകൾ അനുഭവിക്കുന്ന കയർ തൊഴിലാളിയായ, മൂന്നു കുട്ടികളുടെ അമ്മയായ രുഗ്മിണി എന്ന കഥാപാത്രത്തെയാണ് മീരാ ജാസ്മിൻ അവതരിപ്പിക്കുന്നത്. റിയാസ് ഖാൻ, സിദ്ദീഖ്, ലാലു അലക്സ്, ലക്ഷ്മിപ്രിയ, സോനാ നായർ, കലാശാല ബാബു, അംബികാ മോഹൻ, കുളപ്പള്ളി ലീല, നാരായണൻകുട്ടി എന്നിവരാണ് മറ്റുതാരങ്ങൾ. വിദ്യാധരൻ മാസ്റ്റർ–റഫീഖ് അഹമ്മദ് കൂട്ടുകെട്ടിൽ പിറന്ന ഗാനങ്ങൾ ആലപിച്ചിരിക്കുന്നത് കെ.എസ്. ചിത്ര, ശരത്ത്, സിത്താര, പ്രദീപ് പള്ളുരുത്തി എന്നിവരാണ്. എം.ജെ. രാധാകൃഷ്ണനാണ് ക്യാമറാമാൻ. ആഗ്നാമീഡിയയുടെ ബാനറിലാണ് ഇതിനുമപ്പുറം നിർമിച്ചിരിക്കുന്നത്.

## ബാലചന്ദ്രമേനോൻ ചിത്രം "ഞാൻ സംവിധാനം ചെയ്യും" 18 ന്

ബാലചന്ദ്രമേനോന്റെ ഏറ്റവും പുതിയ ചിത്രം ''ഞാൻ സംവിധാനം ചെയ്യും'' ഈ മാസം 18 ന് തിയേറ്ററിലെത്തുന്നു. കെപിആർ. ഫിലിംസിനുവേണ്ടി വി ആൻഡ് വി പ്രൊഡക്ഷൻസ് അവതരിപ്പിക്കുന്ന ചിത്രത്തിന്റെ രചനയും സംവിധാനവും സംഗീതവും മേനോൻ തന്നെയാണ് നിർവ്വഹിച്ചിരിക്കുന്നത്.

കുടുംബപ്രേക്ഷകരെയാണ് തന്റെ പുതിയ ചിത്രത്തിലൂടെയും ഫോക്കസ് ചെയ്യുന്നത്. ചിരിയുടെയും ചിന്തയുടെയും വ്യത്യസ്ഥമായ ഒരുപാട് ചേരുവകൾ ചേർത്തൊരുക്കുന്ന ചിത്രത്തിൽ, സിനിമയെ ആഴത്തിൽ പ്രണയിക്കുന്ന 'കൃഷ്ണദാസെ'ന്ന എൻഎഫ്ഡിസി ഉദ്യോഗസ്ഥനെയാണ് മേനോൻ അവതരിപ്പിക്കുന്നത്. കൃഷ്ണദാസിന്റെ ഭാര്യയും ബാങ്കുദ്യോഗസ്ഥയുമായ 'ഗായത്രിയെ ഗായത്രിയും അവരുടെ മകളും മാസ് കമ്മ്യൂണിക്കേഷൻ വിദ്യാർത്ഥിയുമായ 'പിങ്കി'യെ പുതുമുഖം 'ദക്ഷിണ'യും അവതരിപ്പിക്കുന്നു. ഭർത്താവ്, ഭാര്യ, മകളിലൂടെയാണ് ചിത്രത്തിന്റെ കഥാമുഹൂർത്തങ്ങൾ കടന്നുപോകുന്നത്.

മധു, രൺജി പണിക്കർ, ശങ്കർ, രവീന്ദ്രൻ, വിനീത്, സുനിൽ സുഖദ, കലാഭവൻ ഷാജോൺ, ധർമ്മജൻ, കൊച്ചുപ്രേമൻ, സുധീർ കരമന, ശശി കലിംഗ, പി.ശ്രീകുമാർ, വിജി തമ്പി, യദുകൃഷ്ണൻ, ശ്രീകാന്ത്, അർജുൻ, പൂജപ്പുര രാധാകൃഷ്ണൻ, ആറ്റുകാൽ തമ്പി, കവിയൂർ പൊന്നമ്മ, മേനക, ശ്രീലതാ നമ്പൂതിരി, ടെസ്സ, ഭാഗ്യലക്ഷ്മി, അഞ്ജനാ അപ്പുക്കുട്ടൻ, ഗീതാനായർ എന്നിവരാണ് മറ്റ് അഭിനേതാക്കൾ. ഛായാഗ്രഹണം–ജെമിൻജോ അയ്യനേത്ത്, എഡിറ്റിംഗ്–പ്രദീപ് ശങ്കർ, ഗാനരചന–പൂവച്ചൽ ഖാദർ, ചീഫ് അസ്സോ: ഡയറക്ടർ–സജി കരിക്കോട്, അസ്സോ: ഡയറക്ടർ–വ്യാസൻ, പി.ആർ.ഓ.–അജയ് തുണ്ടത്തിൽ. കേരള ചലച്ചിത്രവികസന കോർപ്പറേഷന്റെ പാക്കേജിലാണ് ചിത്രം പൂർത്തിയാക്കിയത്.

